Registered No. M-4485 Madras War Review, Malayalam—17-8-1945

UNIVERSITY LIBRARY
23 AUG 1945
MADRAS

# യുദ്ധസഞ്ചിക

## വിജയ വിശേഷാൽ പ്രതി

വോള്യം IV] മദിരാശി: 1945 ആഗസ്റ്റ് 17-ാംനു, വെള്ളിയാഴ്ച [ലക്കം 48





# സ്വാതന്ത്ര്യവും നീതിയും നിറഞ്ഞ ഒരു ലോകം

ജപ്പാന്റെ കീഴടങ്ങൽമൂലം, ലോകം കഴിഞ്ഞ ആറു കൊല്ലക്കാലമായി അനുഭവിച്ചുവന്ന ദുരിതശതങ്ങൾക്കു അറുതി വന്നിരിക്കുന്നു.

ഈ വിജയത്തിന്നു ഹേതുഭൂതന്മാർ ലോകത്തിന്റെ നാനാഭാഗത്തു നിന്നു വന്നവരും രണാങ്കണത്തിൽ സമരവൈദഗ്ദ്ധ്യത്തോടെയും ധീരതയോടെയും പൊരുതിയ ഭടന്മാരാണ്.

ലോകത്തിൽ ശാന്തിയും സമാധാനവും സാമൂഹ്യനീതിയും സ്വാതന്ത്ര്യവും നിലനിർത്തുന്നതിന്നുവേണ്ടി ലോകത്തിലെ സമാധാനകാംക്ഷികളായ ജനതകളോടും രാഷ്ട്രങ്ങളോടും സഹകരിച്ചു സൌഹാർദ്ദത്തോടെ വർത്തിക്കണമെന്നതു് എന്റെ ഗവമ്മേണ്ടിന്റെ ദൃഢനിശ്ചയമാണ്.

—എച്ച്. എം. ദി കിങ്ങ്, പാർല്ലിമെണ്ടിൽ ചെയ്ത പ്രസംഗത്തിൽനിന്ന്

# ദുരിതങ്ങളുടെ അറുതി



"ഞങ്ങൾ എല്ലാ സഖ്യശക്തികളോടും, വിശിഷ്യ അമേരിക്കയോടും അതീവ കൃതജ്ഞരാണ്. അവരുടെ സഹാനുഭൂതിയും, സഹകരണവും സഹായവുമില്ലായിരുന്നുവെങ്കിൽ, നമുക്കു ഇത്രവേഗം വിജയം കൈവരുമായിരുന്നില്ല.

ഈ സമയത്തു് ജാപ്പുകളുടെ വരുതിയിലുള്ള തടവുകാരെയും, ആസ്ത്രേലിയ, ന്യൂസിലണ്ട്, ഇന്ത്യ, ബമ്മ എന്നീ രാജ്യങ്ങളിലുള്ള സ്നേഹിതന്മാരുടെ അമൂല്യസേവനസഹായങ്ങളേയും നാം സ്മരിക്കുന്നു . . .

താമസിയാതെത്തന്നെ നമ്മുടെ ദുരിതങ്ങളെല്ലാം അവസാനിക്കുകയും, ശത്രുവാക്രമണത്തിന്നു വിധേയമായ രാജ്യങ്ങളിൽനിന്നും ആക്രമികളെ താമസിയാതെ ആട്ടിയകററുകയും ചെയ്യുന്നതാണ്.

—ബ്രിട്ടീഷ് പ്രധാനമന്ത്രി മി. ആററ്ലി



# വിജയം നേടി, എന്നാലും വിശ്രമിക്കാററായില്ല

ലോകത്തിലെ ഏററവും കടുത്തതും ദുരദൃഷ്ടം നിറഞ്ഞതുമായ യുദ്ധം അവസാനിച്ചു . . .

എന്നാൽ എന്താണ് നമ്മുടെ ഭാവി ? സമാധാനകാലത്തും നമുക്കു സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ പല വിഷമപ്രശ്നങ്ങളേയും അഭിമുഖീകരിക്കേണ്ടതുണ്ട്. ഏതാണ്ടു ആറു കൊല്ലമായി നാം യുദ്ധത്തിൽ ഇടപെട്ടിട്ടു്. തന്മൂലം പലക്കും പരുക്കും ക്ഷീണവും തളർച്ചയും പററിയിട്ടുണ്ട്. എന്നാലും കൂടി നമുക്കു വിശ്രമിക്കാൻ നിവൃത്തിയില്ല.

നമ്മെ രക്ഷിച്ച ഭടന്മാരോടും തൊഴിലാളികളോടും കൃഷിക്കാരോടുമുള്ള കൃതജ്ഞത വാങ്മൂലമല്ല, പ്രവൃത്തിരൂപത്തിൽ ത്തന്നെ പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു. അവർ നമുക്കു വിജയംനേടിത്തന്നപോലെ, വിവേകത്തോടെയും, ധീരതയോടെയും സമാധാനകാലത്തു് അവരുടെ ജീവിതത്തെ സുഭഗസുന്ദരമാക്കുന്നതിന്നുള്ള പ്രാപ്തിയും പ്രാബല്യവും നമുക്കുണ്ടാകുമാറാകട്ടെ !

—ഫീൽഡ് മാഷൽ വേവൽ, ഇന്ത്യാ വൈസ്രോയ്

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി : 1945 ആഗസ്റ്റ് 17-ാംനു-, വെള്ളിയാഴ്ച


## 'ഈ വിജയം'

ഈ സുദിനത്തിൽ, സമഗ്രവിജയം കൈവരികയും, ലോകത്തിലെ ഏററവും ഭയങ്കരമായ യുദ്ധത്തിന്നുശേഷം സമാധാനം പുനരവതരിക്കുകയും ചെയ്ത ഈ മഹനീയ വിജയവേളയിൽ, ആദ്യമായി നമ്മുടെ ചിന്തകൾ പായുന്നതു് ഈ ആഹ്ലാദകോലാഹലത്തിൽ പങ്കുകൊള്ളുന്നതിന്നു ഇന്നു നമ്മോടൊപ്പമില്ലാത്ത ആ വീരന്മാരായവരുടെ നേർക്കാണു്. സ്വാതന്ത്ര്യത്തിന്നും സമത്വത്തിന്നുംവേണ്ടി, മനുഷ്യത്വത്തിന്റെ ശത്രുക്കളെ ഉന്മൂലനാശം വരുത്തുന്നതിന്നുവേണ്ടി എല്ലാ രാജ്യങ്ങളിൽനിന്നുമായി പോർക്കളത്തിൽച്ചെന്നു വീരോചിതം പോരാടി വീരമൃത്യുവടഞ്ഞ ആ ധീരാത്മാക്കൾക്കു ഞങ്ങളുടെ സീമാതീതമായ കൃതജ്ഞതയെ ഇവിടെ രേഖപ്പെടുത്തട്ടെ. സർവ്വോപരി ഈ വിജയം അവരുടേതാണു്.

### സാധനാ പാഠം

ആക്രമണത്തിന്റെ ഇരുണ്ട ശക്തികളുടെ ഭീഷണിയിൽനിന്നും വിപത്തിൽനിന്നും ഇന്നു ലോകം സ്വതന്ത്രമായിരിക്കുന്നു. അതിന്നു സാദ്ധ്യമാക്കിയതു ഐക്യരാഷ്ട്രങ്ങളുടെ ഐക്യവും, യോജിച്ച പ്രവർത്തനവുമാണു്. യുദ്ധം ആരംഭിച്ച അവസരത്തിൽ അച്ചുശക്തികൾക്കു ചില പ്രാഥമിക വിജയങ്ങൾ കൈവന്നു. അതിന്നു ഹേതു അന്നൊക്കെ തെററിദ്ധാരണകളാലും അവിശ്വാസത്താലും ജനകീയലോകം ഛിദ്രപ്പെട്ടും, ആശങ്കാകുലമായും കഴിഞ്ഞിരുന്നുവെന്നതാണു്. എന്നാൽ നമുക്കു ഇന്നു് വിജയം കൈവന്നതു് അന്തർദ്ദേശീയമായ ഐക്യത്താലാണു്; അച്ചുശക്തികൾക്കെതിരായി യുദ്ധം ചെയ്തുവരുന്ന രാഷ്ട്രങ്ങൾക്കിടയിലുള്ള ഐക്യവും, സഹനതയും, സഹകരണമനോഭാവവും, ഉദ്ദേശ ദാർഢ്യവും മൂലമാണു്.

ഇതിൽനിന്നു ഒരു സാധനാ പാഠം മനസ്സിലാക്കുന്നതിനുണ്ടു്. ജപ്പാനും ജർമ്മനിയും ഇററലിയും തോൽക്കുകയും ആ രാജ്യങ്ങളിലെ സൈനിക മേധാവികൾ ഭൂമുഖത്തുനിന്നു തിരോധാനം ചെയ്കയും ചെയ്തുകഴിഞ്ഞാൽ, ലോകം പഴയപടി 1939 ലേക്കുതന്നെ മടങ്ങിപ്പോകുമെന്നു വിശ്വസിക്കാമോ? ഇല്ല, തീർച്ചയായും ഇല്ല. ഇതു അസാദ്ധ്യവും അതേപോലെതന്നെ അസ്വാഭാവികവുമാണു്. നമ്മുടെ സുരക്ഷ നിലനില്ക്കുന്നതു് സഹകരണത്തിലും, ചങ്ങാതിമനോഭാവത്തിലുമാണു്. ഐക്യരാഷ്ട്രങ്ങളിലെ ഘടകങ്ങളായ രാഷ്ട്രങ്ങൾ ഏകോദരസഹോദരന്മാരെപ്പോലെ അനുരഞ്ജിപ്പോടെയും അഭിപ്രായസ്ഥൈര്യത്തോടെയും മേലും കഴിയേണ്ടതു സമാധാനകാലത്തും അത്യാവശ്യമാണു്.

### ജനകീയ രീതിയുടെ ആവശ്യകത

നമ്മുടെ ശത്രുക്കൾമൂലം നാം വളരെ അധികം ദുരിതങ്ങൾ അനുഭവിക്കേണ്ടിവന്നു. എത്ര നിർദ്ദയമായ വിധത്തിലാണു് യുദ്ധക്കൊതിയന്മാർ, അവരുടെ ജനങ്ങളെ പ്രക്ഷുബ്ധരാക്കി ലോകത്തിന്റെ നേർക്കു് വേട്ടപ്പട്ടികളെപ്പോലെ ഇറക്കിവിട്ടതു്! ഈ ശത്രുരാജ്യങ്ങളിലെ ജനതകളെ നാം ഇന്നും സൂക്ഷിക്കേണ്ടിയിരിക്കുന്നു. എന്നാലും നമുക്കു പ്രതികാരേച്ഛയും വിദ്വേഷവും ഇല്ല തന്നെ. ശാന്തിയും സമാധാനവും നിറഞ്ഞ ഒരു ലോകത്തിൽ ജനകീയമായ ജീവിതരീതി കൈക്കൊണ്ടു് സൃഷ്ടിപരമായി കഴിഞ്ഞുകൂടുന്നതിന്നുള്ള പരിശീലനവും പരിചയവും അവർക്കു നൽകുകയാണു് ഇന്നു നമുക്കുള്ള ഒരു കർത്തവ്യം.

സമാധാനത്തിന്റെ സാദ്ധ്യതയും അതേപോലെ യുദ്ധത്തിന്റെ ആവിർഭാവത്തിന്നും ഹേതുകങ്ങളായ കാര്യങ്ങളെപ്പററി മർത്ത്യസമുദായത്തിന്നു് ഇന്നു അറിവുണ്ടു്. അതുകൊണ്ടു വീണ്ടും കിരാതത്വത്തിലേയ്ക്കു വിടഞ്ഞു ചാടുന്നതിന്നു ഒരൊഴികഴിവുമില്ല. ജനങ്ങൾക്കു് ശരിയായ വിദ്യാഭ്യാസം നൽകുന്നപക്ഷം പഴയ അബദ്ധങ്ങളുടെ പുനരാവർത്തനത്തെ തടയുന്നതിന്നുള്ള ശക്തി നമുക്കുണ്ടാക്കാവുന്നതാണു്. മനുഷ്യനു ഇന്നു പല സവിശേഷസിദ്ധികളും കൈവന്നുകഴിഞ്ഞിട്ടുണ്ടു്. ശാസ്ത്രീയ നേട്ടങ്ങൾ, കണ്ടുപിടുത്തം തുടങ്ങിയവ ലോകത്തിന്നു ലഭിച്ച അമൂല്യ സമ്പത്താണു്. പക്ഷേ ഇവയെ എങ്ങിനെ ഉപയോഗിക്കുന്നുവെന്നതാണു് പ്രശ്നം. വ്യക്തിപരവും ദേശീയവുമായ സ്വാർത്ഥോദ്ദേശ്യങ്ങൾക്കുവേണ്ടിയും, മനുഷ്യസമുദായത്തിന്റെ പൊതുക്ഷേമത്തിന്നു വേണ്ടിയും ഇവ ഉപയോഗപ്പെടുത്താവുന്നതാണു്. പ്രാചീനനായ പ്രൊമത്തെസിനെപ്പോലെ നാം സ്വർഗ്ഗീയമായ അഗ്നി നേടിക്കഴിഞ്ഞിട്ടുണ്ടു്. കാരണം 'ആററ'മിൽക്കൂടി നക്ഷത്രങ്ങളിൽനിന്നും സൂര്യനിൽനിന്നും ജ്വലിക്കുന്ന ജ്യോതിസ്സു നമുക്കു ലഭിച്ചിരിക്കുന്നു. ഇതേവരെയും മാറാരോഗമായിക്കരുതിയ പല മഹാവ്യാധികൾക്കും കൈകണ്ട ഔഷധം പെൻസിലിൻ കണ്ടുപിടുത്തത്തിലൂടെ നമുക്കു കൈവന്നുകഴിഞ്ഞു. വിമാനയാനം ദൂരത്തെ വെന്നു. സന്ദേശവ്യവസ്ഥകൾ വിപ്ലവകരമാംവിധം മാറിയിരിക്കുന്നു; നാം ചെറിയ ഒരു ലോകത്തിലാണു് ഇന്നു ജീവിക്കുന്നതെന്നു എല്ലാവരും മനസ്സിലാക്കിത്തുടങ്ങി. ഇങ്ങിനെയുള്ള മാററങ്ങളുമായി ഇടപെടുകയും കൈകാര്യം നടത്തുകയും ചെയ്യുന്നതിന്നു ധാരാളം സൂക്ഷ്മതയും ശ്രദ്ധയും ആവശ്യമാണു്. ഈ പരിവർത്തനങ്ങളിലെല്ലാം വെച്ചു ഏററവും മഹത്തരമായതു കഴിഞ്ഞ ആറു വർഷക്കാലമായുള്ള ജനകീയവും സ്വാതന്ത്ര്യവുമായ ശക്തികൾ തമ്മിലുള്ള ഐക്യമാണു്. ഏററവും വലിയ വിപ്ലവകരമായ ഒരു സംഭവഗതിയാണിതു്. സാൻഫ്രാൻസിസ്കോവിൽ വെച്ചു ഒരു പുതിയ സാമൂഹ്യരീതിയുടെ അടിസ്ഥാനമിട്ടുകഴിഞ്ഞു. അവിടെയും ഇന്ത്യയിൽനിന്നുള്ള പ്രതിനിധികൾ സന്നിഹിതരായിരുന്നു. ഇന്ത്യയ്ക്കു ഐക്യരാഷ്ട്രങ്ങളുടെ ഇടയിൽ അഭിവന്ദ്യമായ ഒരു സ്ഥാനമാണുള്ളതു്. ഈ മഹൽ രാഷ്ട്രത്തിന്റെ വമ്പിച്ച ത്യാഗവും, ഇന്നാട്ടിലെ ഉല്പാദനത്തിലുണ്ടായ നിശ്ശബ്ദവിപ്ലവവും ഇന്ത്യയെ ആ സമുന്നത സ്ഥാനത്തിലേക്കു ഉയർത്തിയിരിക്കുന്നു. അങ്ങിനെ ഭാവിയിലെ ലോകകാര്യങ്ങളിൽ ഭാരതത്തിന്നും പങ്കുണ്ടു്; അന്തസ്സും അധികാരവും സന്ദർഭങ്ങളും ഉണ്ടു്. മാത്രമല്ല, ആ കൃത്യങ്ങളിൽ ഇന്ത്യയുടെ അദ്ധ്വാനവും ത്യാഗവും ഉത്തരവാദിത്വവും കൂടി ആവശ്യമാണു്.

### ഭാവി ഭാരതം മുന്നോട്ടു്

യുദ്ധസംരംഭങ്ങളിൽ ഇന്ത്യ വഹിച്ച സാരമായ പങ്കു് ഇന്ത്യയുടെ പ്രശസ്തിയെ പണ്ടത്തെക്കാളെല്ലാം ഉയർത്തിയിരിക്കുന്നു. എന്നുതന്നെയല്ല, ക്രമാതീതവും സവിശേഷവുമായ വികാസത്തിന്നും വളർച്ചക്കും ഇന്ത്യയ്ക്കു ഇന്നു് കൂടുതൽ സന്ദർഭവും സൌകര്യവും കരഗതമായിട്ടുണ്ടു്. എന്നാൽ ഇതും ഉത്തരവാദിത്വബോധത്തോടെ മാത്രം പ്രാപിക്കാവുന്ന ഒരു ലക്ഷ്യമാണു്. ലോകത്തിലെ മറേറതൊരു രാഷ്ട്രത്തിലുള്ളതുപോലെത്തന്നെ ഈ രാജ്യത്തിലെ ജീവിതരീതിയും ഉയർത്തുന്നതിന്നായി ഇന്ത്യക്കും വമ്പിച്ച യുദ്ധാനന്തര പുന:നിർമ്മാണപദ്ധതികളുണ്ടു്. എന്നാൽ അവ സാധിതപ്രായമാക്കുന്നതിന്നു് ഏകാഗ്രതയും, ഉദ്ദേശ്യത്തോടുള്ള ആദരവും ഭക്തിയും സഹകരണബോധവും കൂടിയേക്കഴിയൂ. ഇതിന്നും ഒരു ത്യാഗം ചെയ്യേണ്ടതുണ്ടു്: തൊലിപ്പുറമെ ആകർഷങ്ങളായിക്കാണുന്ന ചില വിശ്വാസങ്ങളുടെ അന്തർദ്ധാനം ഇന്ത്യൻ ജനങ്ങൾക്കു സമാശ്വാസം നൽകുമെങ്കിൽ, അതിന്നു നാം വിസമ്മതിക്കാൻ പാടില്ല.

അതിനാൽ വിജയാഘോഷവേളയിൽ നാം ഒരുകാര്യം വിസ്മരിക്കരുതു്: ഒന്നോ രണ്ടോ ദിവസം നിൽക്കുന്ന ഒരു വിശേഷ ദിവസമല്ല ഇതു്. സർവ്വോപരി, നമുക്കു വേണ്ടിമാത്രമല്ല, വരാൻപോകുന്ന തലമുറകൾ (ഇതു അവരുടെയുംകൂടി വിജയമാണു്) ക്കുവേണ്ടിയും കൂടിയാണു് നാം ആഘോഷിക്കുന്നതു്. നമ്മുടെ ആഘോഷം നിരവധി വർഷങ്ങളോളം നീണ്ടുനിൽക്കണം. അങ്ങിനെ വന്നാൽ മനുഷ്യസമുദായത്തിന്റെ—ഇന്ത്യയിലേയും, തെക്കൻ ഏഷ്യയിലെയും, യൂറോപ്പിലേയും, രാജ്യങ്ങളിലേയും മനുഷ്യസമുദായത്തിന്റെ—സർവ്വപ്രകാരേണയുള്ള സൌഖ്യമായിരിക്കും ഈ യുദ്ധത്തിന്റെ സ്മാരകം. നമുക്കു് മുന്നോട്ടുതന്നെ പോകുക!

---

## ഉറക്കം

(കെ. ജി. സേതുനാഥ്.)

(തോടകം)

വിജയപ്രദരെ, വിമലാശയരെ
വിമതാകുലസംഹരരെ, ഭടരെ!

ഉശിരോടുണരൂ, നിനിയെന്തല,മി-
ങ്ങുമധിക്കുളിര,ല്ലെരിതീ വെയിലാം.

കുസുമോത്സവമ,ല്ലിഹ സൌരഭമി-
ല്ലസുഖാവ്രതമാം വിഷ ധൂമികയാം.

മുട്ടമട്ടുളനിശ്ശ്വളഘോഷകമ-
ല്ല,മരാ-ണടരാ-ണരാനുണരിൻ!

മഴയല്ലിതു, മാനസമുന്നിത, തീ-
മഴയാ,ണിവിടെക്കരളും, വരളും.

കളകാകളിയും, കഥയും, കളിയും
കളയേണ്ടൊരുവൻ കടുഘട്ടമിതാം.

ഹൃദയം കവിയും പ്രണയോദ്ധൃതിയാ-
[ൽ
സുദതീമണിതൻ പരിലാളനയെ

പരതി, പ്പരതിക്കഴിയും പുരുഷ-
പുരുകക്കുട, കൂത്തടിമാലിവിടം;

വിരസാന്ധ, മദ, തൃഷ്ണ തൃഷ്ണിത, ദു-
സ്സ്വഹ, സാഹസ സൗഹൃദ രാഹിതമായ്
ഇരുളാന്നിരുളാന്നിത-ഭൂതലമ-
ല്ലിവിടം; കചട, ക്ഷടകക്കളമായ്.

വിഗതാശയരെ, യലസാത്മകരെ
യുഗ ദീർഘതമസ്സടിയേററുഴലും-
അടിമപ്പുഴവായിനിയും, തനിയെ,
അടിയാ, തൊരുമിച്ചൊരുമിച്ചുണരിൻ.

നിലവിട്ടൊരുവൻ നിണവാരിധിയി,
ങ്ങലയാന്നൊഴുക, ട്ടൊഴുകട്ടുലം
ഉലയാതൊഴുക, ട്ടവിടെ, കരളിൻ
കുലയിൽ പ്പലതും, കുടലിൻ ചൊറി-പോൽ

മതി, മേടകൾ, ചേടകൾ, കാഞ്ചനവൻ
ചതിയിൽ കുരുകി, കുരുതി ക്കിടയായ്
മതി, യിങ്ങിവിടം മുതലുന്നത സം-
ഹതിയാ, ലൊരു മട്ടുയരാം സുതരാം.

പടയോ? പടയോ ടിടയാമതിലെ-
ന്തടവൊട്ടു മിനിപ്പുതറില്ലതിനാൽ
അടിയ, ല്ലിടിയ, ല്ലൊരു ഭീകരമാം
വെടിതന്നെ വര, ട്ടിട നെഞ്ചിടയും!!

# ജപ്പാന്നെതിരായ സമരം

## സഖ്യശക്തികളുടെ വിജയത്തെ ത്വരിതമാക്കിയ സംഗതികൾ

ആററമിക്ക് ബോംബുകളാണ് ജപ്പാന്റെ അവസാന കീഴടങ്ങലിന്നുള്ള പ്രധാന കാരണമെന്നിരുന്നാലും, 1942-43 ഈ കാലങ്ങളിൽ അത്തരം ബോംബുകൾ സഖ്യകക്ഷികളുടെ കയ്യശമുണ്ടായിരുന്നാൽകൂടി ജപ്പാനെ കീഴ്പ്പെടുത്തുന്നതിന്നു സാധിക്കുമായിരുന്നില്ല. ഇന്നു നമ്മുടെ ചിരകാല പ്രതീക്ഷയിൽ നാം എത്തിച്ചേർന്നു കഴിഞ്ഞു.

ആയിരക്കണക്കിൽ നാഴിക ദൂരം കടലിന്നപ്പുറം കിടക്കുന്ന സ്ഥലങ്ങളെ ആക്രമിക്കുക എന്നതു നമ്മുടെ കാലത്തെ ഏററവും, ആശ്ചര്യകരമായ സംഗതിയാണ്.

1941 ഡിസെമ്പർ 7-ാംനു പിയേൾ ഹാർബർ ബോംബെറിഞ്ഞു. ജനുവരി 2-ാംനു മണില കയ്യശപ്പെടുത്തി. ഫിബ്രവരി 15-ാംനു സിങ്കപ്പൂർ കീഴടങ്ങി. മാർച്ച് 9-ാംനു റംഗൂൺ ഒഴിച്ചുപോന്നു. ഇങ്ങിനെ 3 മാസം കൊണ്ടു ജാപ്പ് സൈന്യങ്ങൾ തെക്കുകിഴക്കൻ ഏഷ്യയും, തെക്കുപടിഞ്ഞാറൻ പാസഫിക്കും കയ്യശപ്പെടുത്തി. അതായതു, 15 ലക്ഷം ചതുരശ്ര നാഴിക ഭൂമിയും 12 കോടി 50 ലക്ഷം ജനങ്ങളെയും അടിമകളാക്കി. ഇതിന്നു പുറമെ ഇന്ത്യയുടെ കിഴക്കും, ആസ്ത്രേലിയയിലും അവർ എത്തിനോക്കുകയും ചെയ്യാതിരുന്നില്ല. അവർ, സാധനസാമഗ്രികൾ കൊണ്ടും, ജനങ്ങളെകൊണ്ടും മററും സ്വയംപ്രാപ്തമായ ഒരു സാമ്രാജ്യമായി.

ജപ്പാന്റെ ഈ മിന്നൽസമരത്തിൽ അവർ കരയിലും കടലിലും ആകാശത്തിലുമുള്ള ശക്തികളെ ഒരേസമയത്തു ഉപയോഗപ്പെടുത്തി. ഐക്യരാഷ്ട്രങ്ങൾ ഒരു കടൽയുദ്ധമായിരിക്കണം പ്രതീക്ഷിച്ചിരുന്നത്. പക്ഷെ ജപ്പാനെ സംബന്ധിച്ചേടത്തോളം കടൽ ഒരു യുദ്ധരംഗത്തുനിന്നു മറെറാന്നിലേക്കു പോകാനുള്ള ഒരു മാർഗ്ഗം മാത്രമായിരുന്നു.

പിയേൾ ഹാർബറിൽ ഡിസമ്പ്രിലെ ആക്രമണം ഭയങ്കരമായിരുന്നു. 200 ഓം വിമാനങ്ങൾ ആക്രമണത്തിൽ പങ്കെടുക്കുകയും 8 വമ്പിച്ച കപ്പലുകളടക്കം ഒട്ടേറെ കപ്പലുകൾ നശിപ്പിക്കുകയൊ കേടുവരുത്തുകയൊ ചെയ്തു. അവർ ആയിരക്കണക്കിലുള്ള ജനങ്ങളെ കൊല്ലുകയും അനവധി നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തു.

അതിന്നുശേഷം ബ്രിട്ടന്റെ 'പ്രിൻസ് ഓഫ് വേൽസ്' എന്ന പുതിയ യുദ്ധക്കപ്പലും 'റിപ്പൾസ്' എന്ന ക്രൂയിസറും അവർ നശിപ്പിച്ചു. ഈ ഒരൊററ ക്രൂയിസറാണ് പാസഫിക്കിൽ ജപ്പാനെ ചെറുക്കാനുണ്ടായിരുന്നത്. ഇതു കാരണം, വേണ്ടത്ര സജ്ജീകരണങ്ങൾ എത്തുന്നതിന്നു മുമ്പു പാസഫിക്കിൽ അവരുടെ നില ഉറപ്പിക്കുന്നതിന്നത്യാവശ്യമായ സമയം അവക്കു ലഭിച്ചു. ഇതു കാരണം അവക്കു സഖ്യപക്ഷക്കാരുടെ കടൽപടയുമായി ഒരേററുമുട്ടൽ തടയുന്നതിന്നു സാധിച്ചു. 1944 ഒക്ടോബറിൽ ഫിലിപ്പൈനിൽവെച്ചു നടന്ന ആ വമ്പിച്ച കടൽയുദ്ധം വരെ അവരുടെ നില സുരക്ഷിതമായിരുന്നു. ഫിലിപ്പൈൻ യുദ്ധം ജപ്പാനെ വളരെയധികം ക്ഷീണിപ്പിച്ചു അവക്കു വമ്പിച്ച നഷ്ടങ്ങൾ വരുത്തിക്കുകയും ചെയ്തു.

വളരെ സാമർത്ഥ്യത്തോടുകൂടെയായിരുന്നു ജാപ്പ് സൈന്യങ്ങളെ ആക്രമണ സ്ഥലത്തേക്കു നയിച്ചിരുന്നത്. ക്രൂയിസർ, വിമാനം ഇവയുടെ സുശക്തമായ അകമ്പടിയോടുകൂടിയായിരുന്നുവെന്നുമാത്രമല്ല, പലപ്പോഴും വിമാനം വഴിയായും സൈന്യങ്ങളെ കൊണ്ടുവന്നിരുന്നു.

സഖ്യകക്ഷികളുടെ യുദ്ധം വിരോചിതമായിരുന്നെങ്കിലും ബർമ്മയിലും, മലയയിലും, ഈസ്റ്റ് ഇണ്ടീസിലും അവർ എണ്ണത്തിലും ശക്തിയിലും കുറവായിരുന്നു. 1942 മദ്ധ്യത്തിൽ അവർ ഇന്ത്യയെയും ആസ്ത്രേലിയയെയും ആക്രമിക്കുന്നതിന്നു ഒരുക്കം കൂട്ടി.

പിയേൾ ഹാർബറിലെ സംഭവത്തിന്നു ശേഷം സഖ്യകക്ഷികളുടെ പ്രധാന ശ്രദ്ധ ഹിററ്ലറെ നിശ്ശേഷം പരാജയപ്പെടുത്തുന്നതിലെക്കായിരുന്നു. ഇതു കാരണം യൂറോപ്യൻ രംഗത്തിൽനിന്ന് ജപ്പാനെ നശിപ്പിക്കുന്നതിന്നു വേണ്ടത്ര സാമഗ്രികൾ കൊണ്ടുവരുന്നതിന്നു സാദ്ധ്യമായില്ല.

ഈ അവസരത്തിൽ സഖ്യകക്ഷികൾ യുദ്ധത്തിന്റെ നിലയെ വിശകലനം ചെയ്യുകയും, ജപ്പാനെ പിന്തിരിയിപ്പിക്കുന്നതിന്ന് പ്രധാന സ്ഥലങ്ങൾ ആവശ്യമാണെന്നും, പട്ടാളത്തെയും സാമഗ്രികളെയും എത്തിക്കുന്നതിന്നുള്ള ബന്ധങ്ങൾ തെക്കെ അമേരിക്കയുമായി ഏർപ്പെടുത്തേണ്ടതാണെന്നും തീരുമാനിച്ചു. ഇന്ത്യ, ആസ്ത്രേലിയ, അലാസ്കാ, ഹവായി തുടങ്ങിയ സ്ഥലങ്ങൾ ഇതിന്നത്യാവശ്യമാണ്. ഇതിലേതെങ്കിലും ഒന്നിന്റെ അധഃപതനം യുദ്ധത്തിന്റെ വിജയത്തെ സാരമായും അലങ്കോലപ്പെടുത്തുമെന്നുള്ളതും തീർച്ചയാണ്. ഇതിന്നുശേഷം 1942 ഏപ്രിൽ മാസത്തിൽ ജപ്പാനെ എതൃക്കുന്നതിന്നുള്ള ശ്രമം തുടങ്ങി. ടോക്കിയോ തുടങ്ങിയ സ്ഥലങ്ങൾ ബോംബിട്ടു. ഇതോടുകൂടി ജപ്പാന്റെ മുന്നോട്ടുള്ള ഗതിയെ തടയപ്പെട്ടു. എങ്കിലും ജപ്പാൻ അലാസ്കയും, ഹവായിക്കും നേരെ ആക്രമിക്കാൻ പുറപ്പെട്ടുവെങ്കിലും സഖ്യകക്ഷികൾ ആ ശ്രമത്തെയും പരാജയപ്പെടുത്തി. മിഡ്വെയിലും, ഡച്ച് ഹാർബറിലും അമേരിക്കക്കുണ്ടായ വിജയത്തെ തുടർന്ന്, ജപ്പാൻ ആസ്ത്രേലിയയിലേക്കു കുതിച്ചു കയറാൻ ശ്രമിച്ചു.

അമേരിക്കയുടെയും ആസ്ത്രേലിയയുടെയും സൈന്യങ്ങൾ വിമാനസൈന്യത്തിന്റെ സഹായത്തോടുകൂടി സാമാനങ്ങൾ എത്തിച്ചുകൊടുക്കുകയും ചെയ്യുതോടുകൂടി പല സ്ഥലങ്ങളിലും ജപ്പാൻകാരെ തുരത്തുന്നതിന്നു സാധിച്ചു. ഇതോടുകൂടി ജപ്പാന്റെ നേരെയുള്ള പൊതു ആക്രമണത്തിന്നുള്ള വഴി തെളിഞ്ഞു.

ഹവായി, അലാസ്കാ, ആസ്ത്രേലിയ തുടങ്ങിയ സ്ഥലങ്ങളെ സുരക്ഷിതമാക്കാൻ കഴിഞ്ഞതു് വലിയ ഒരു മെച്ചമാണ്.

1943 ന്റെ അവസാനത്തോടുകൂടി ജർമ്മനിയെപോലെ ജപ്പാനും സ്വരക്ഷക്കുള്ള സമരം തുടങ്ങി. 1944 ൽ എല്ലാ രംഗത്തിലും ജപ്പാന്നെതിരായ മുട്ടനം തുടങ്ങി. ഇതിന്നവർ എല്ലാ വിധ ഉപകരണങ്ങളും ഉപയോഗിച്ചു. 1944 ഒക്ടോബറിൽ ജനറൽ മർകാതറുടെ സൈന്യങ്ങൾക്കു പല വമ്പിച്ച വിജയങ്ങളുമുണ്ടായി. ഇതെ സമയത്തു ബർമ്മയിലും ചൈനയിലും വമ്പിച്ച പരാജയങ്ങൾ സംഭവിച്ചുതുടങ്ങി. അവസാനം ജപ്പാന്റെ നാവികസേന പുറത്തു വന്നു. തൽഫലമായി 58 കപ്പലുകൾ നശിപ്പിച്ചു. അതോടുകൂടി ജപ്പാന്റെ അവസാന വിധിയും എഴുതി. ഇവോജിമാ, ഓക്കിനാവാ തുടങ്ങിയ സ്ഥലങ്ങൾ വീണ്ടെടുത്തു. സഖ്യസൈന്യങ്ങൾ ജപ്പാന്റെ വാതിലിൽ മുട്ടിതുടങ്ങി.

ഈ ആശ്ചര്യകരമായ, കടൽ, കര, ആകാശം ഇവിടങ്ങളിലെ വളച്ച് ശ്രദ്ധേയമാണ്. ജപ്പാന്നെതിരായ സമരത്തിന്നു ശക്തികൂടി ദൈനംദിനം മൂർദ്ധന്യദശ പ്രാപിച്ചു. ജപ്പാന്റെ കടൽവഴികൾ തകർത്തതോടുകൂടി അവരുടെ അവസാനം ആസന്നമായി എന്നു ടോക്കിയോവിന്നു ബോദ്ധ്യപ്പെട്ടു.

ജർമ്മനിയുടെ അവസാനപരാജയം ജപ്പാനെ വിക്ഷമിപ്പിച്ചു. വിദൂരപൌരസ്ത്യ ദേശത്തേക്കുള്ള യൂറോപ്യൻ സൈന്യങ്ങളുടെ ആഗമനം ജപ്പാന്റെ അവസാന നിമിഷത്തെ തീർച്ചപ്പെടുത്തി.

അററമിക്ക് ബോംബും, റഷ്യയുടെ യുദ്ധപ്രഖ്യാപനവും ജപ്പാന്റെ നിരുപാധികമായ കീഴടങ്ങലിനെ ത്വരിതപ്പെടുത്തി.

# നിലനിൽക്കുന്നതും നീതിപരവുമായ ഒരു സമാധാനം

നിയമരഹിതമായ ഒരു ലോകത്തിലേക്ക് അറേറാമിക് ബോംബുകൾ അഴിച്ചുവിടുന്നതു ആപൽകരമായിരിക്കും. അതുകൊണ്ടാണ് അവയുടെ നിർമ്മാണരഹസ്യം അറിയുന്ന അമേരിക്കയും ബ്രിട്ടനും ഞങ്ങളെയും ബാക്കി ലോകത്തെയും പരിപൂർണ്ണനാശത്തിൽനിന്നു രക്ഷപ്പെടുത്തുന്നതിന്നുവേണ്ടി അതിന്റെ രഹസ്യം പുറത്തു വിടാതിരിക്കുന്നത്. അതിന്നുള്ള ഒരു പരിതഃസ്ഥിതി സജ്ജമാകാതിരിക്കുംവരേയും ഇതൊരു ഗോപ്യമായിത്തന്നെയിരിക്കും. നമുക്കു നിർവ്വഹിക്കാനുള്ള ഉത്തരവാദിത്വം ഭയങ്കരമായ ഒന്നാണ്. ഇതു ശത്രുക്കളുടെ കയ്യിൽപെടാതെ നമ്മുടെ കയ്യശം വന്നതിൽ നാം ജഗന്നിയന്താവിനെ വന്ദിക്കുകതന്നെ വേണം.

## ഇന്നത്തെ ലോകത്തിലെ ഏററവും മഹത്തായ സൃഷ്ടികാശക്തി

യൂറോപ്പിലെ വിജയം ആയുധങ്ങളുടെ വിജയത്തെക്കാൾ മഹത്തരമായിരുന്നു. ഒരു ജീവിതരീതി മറെറാരുതരം ജീവിതരീതിയോടേററുമുട്ടി കൈവന്ന വിജയമാണത്. നാം പഠിച്ചതും ഒരിക്കലും മറക്കാൻ പാടില്ലാത്തതുമായ പുതിയ പാഠം ഇതാണ്.

സ്വയംഭരണീയനായ മനുഷ്യരുടെ സമുദായം, എത്രകണ്ട് കേന്ദ്രീകൃതവും ശിക്ഷണപരവുമായ മറേറതു സാമൂഹ്യരീതിയെക്കാൾ, കൂടുതൽ സഹനതയുള്ളതും കൂടുതൽ സൃഷ്ടിപരവുമാണ്. മനുഷ്യന്റെ കർത്തവ്യത്തേയും അന്തസ്സിനേയും പററിയുള്ള അടിസ്ഥാനപരമായ അഭിപ്രായം വെറും ആവേശകരമായ ഒരഭിലാഷമോ നിഷ്ഫലമായ ഒരാശയോ, വെറും അലങ്കാരപ്രയോഗമോ അല്ല എന്നു നമുക്കു ഇന്നു ബോദ്ധ്യമായിട്ടുണ്ട്. ലോകത്തിൽ ഇന്നു നിലവിലുള്ള ഏററവും സൃഷ്ടിപരവും പ്രബലവുമായ ശക്തിയാണത്.

നീതിപരവും നിലനിൽക്കുന്നതുമായ ഒരു സമാധാനത്തെ ലക്ഷ്യമാക്കി, അതിന്റെ പ്രാപ്തിക്കുവേണ്ടി നമ്മുടെ സർവ്വശക്തിയും ഉപയോഗിച്ച് നമുക്കു മുന്നോട്ടു പോവുക. ഇങ്ങിനെയുള്ള ഒരു സമാധാനം നേടുന്നതിന്നുള്ള ദൃഢനിശ്ചയത്തിൽ മുമ്പേത്തെക്കാളെല്ലാം ഐക്യതയും യോജിപ്പും ത്രിശക്തികൾക്കു കൈവന്നിട്ടുണ്ട്. ഞങ്ങളുടെ ലക്ഷ്യപ്രാപ്തിക്കായി ഞങ്ങൾ ഒന്നിച്ചു മുന്നോട്ടു പോവുകതന്നെ ചെയ്യും.

—പ്രസിഡെണ്ട് ഹാരി എസ്. ട്രൂമാൻ,

# ജപ്പാനിലെ ചക്രവർത്തി

ചക്രവർത്തിക്കുവേണ്ടി ചരമമടയുന്നതു് ചിരം ജീവിത തുല്യമാണു്—ജാപ്പാനീസ് ആർമ്മി പാംഫ്ലറ്റ്.

രാജാവശിഷ്ടങ്ങൾ ഈശ്വരൈശ്വര്യത്തെക്കാൾ വരണീയമാകുന്നു—കെർവാൻറസ്.

(കെ. പി. കെ. ഉണ്ണി, ജാലഹള്ളി)

ഇദ്ദേഹം ഒരു മനുഷ്യനാണു്. ലോകത്തിലെ ഇതരവ്യക്തികളെപ്പോലെതന്നെ ആഹാരവിഹാരാദികൾക്കും മററു സർവ്വസാധാരണമായ ഐഹികചര്യാചാരാദികൾക്കും ഈ മനുഷ്യനും വിധേയനാണു്. എന്നാൽ ജാപ്പാൻ സമ്രാട്ടിന്റെ അനിതരസാധാരണമായ സവിശേഷത എന്തെന്നുവെച്ചാൽ, "ദിവ്യാത്മകത്വമാണു്." പിറവിയിൽ നരനെങ്കിലും സുരനോടു ഏറെക്കുറെ കൂട്ടുകെട്ടുണ്ടെന്നാണു് തദ്ദേശവാസികളുടെ വേരുന്നിയ വിശ്വാസം. ഈ പഴഞ്ചൻവിശ്വാസംതന്നെയാണു് ഇന്നവരുടെ സമരനിരയിൽ നിഴലിച്ചു കാണുന്നതും.

ദിവ്യനായതുകൊണ്ടു രാജ്യഭരണ കർത്തൃത്വത്തിന്റെ പൂർണ്ണനേതൃത്വം മാത്രമല്ല രാജ്യംതന്നെ ആ ദിവ്യോദരത്തിൽ അന്തർലീനമായിരിക്കുന്നുവെന്നാണു് പിന്നൊരു ധാരണ. തന്മൂലം രാജ്യവും രാജാവും പ്രജകളും എല്ലാവരും ചൈതന്യസ്വരൂപരും. ജപ്പാനിലെ ചക്രവർത്തിയുടെ സങ്കല്പിതങ്ങളായ ദൈവീകാംശ ഗുണങ്ങളും ജനങ്ങളുടെ തദനുസൃതങ്ങളായ പെരുമാററങ്ങളും ബാഹ്യദൃക്കുകൾക്കു വെറും അസംബന്ധമായ് തോന്നിയേക്കാമെങ്കിലും ആ രാഷ്ട്രത്തെ ശരിയായ് മനസ്സിലാക്കണമെങ്കിൽ ഇദംപ്രഥമമായ് അവിടുത്തെ സിംഹാസനത്തെപ്പററിയുള്ള ഒരു മുന്നറിവ് അവശ്യം ആവശ്യമാണു്.

ഭൂരിപക്ഷം ജപ്പാനീയ ജനതയ്ക്കും ചക്രവർത്തിയെ ബഹു ബഹുമാനമാണു്. എങ്കിലും എത്രയോ കുറച്ചു പേർമാത്രമേ ആ അവതാരരൂപനെ ദർശിച്ചിരിക്കയുള്ളു. കാരണം, ഏവരും രാജസന്നിധിയിൽ നമ്രശിരസ്കരായ് നില്ക്കണമെന്നും ഒരുവരും ആ തിരുമുഖത്തേക്കു തങ്ങളുടെ മുഖം തിരിക്കരുതെന്നും അങ്ങിനെ ചെയ്താൽ അവർക്കു ആന്ധ്യം അനുഭവപ്പെട്ടുമെന്നും മററുമൊക്കെയാണു് വെപ്പു്.

രാജകീയാരാമം ടോക്കിയോവിൽ പുതുതായ് പണിതീർത്തിട്ടുള്ള പോലീസ് കെട്ടിടത്തിന്റെ ഗോപുര ജാലകത്തിൽക്കൂടെ നോക്കിയാൽ കാണാമെന്ന കാരണത്തിന്മേൽ ഈ കെട്ടിട നിർമ്മാണം ഇനിയും അപൂർണ്ണമാണു്. എന്നാലിന്നത്തെ അവരുടെ "എരിപൊരി സഞ്ചാരത്തിൽ" ആ നിബന്ധനകളൊ അനുഷ്ഠാനങ്ങളൊ ഒന്നും അത്ര ഗണ്യമായ് കരുതാറില്ലെന്നു തോന്നുന്നു.

ചക്രവർത്തിയുടെ ഛായാപടങ്ങൾ അതീവ അപൂർവ്വങ്ങളാണു്. ഉള്ളതിലെല്ലാം മുഖം സെല്ലോഫേയിൻ എന്നൊരു തരം നേരിയ ചർമ്മ സാമ്യമായ വസ്തുവാൽ ആവരണം ചെയ്യപ്പെട്ടിരിക്കും. 1936 ൽ "ടൈം" മാസിക ചക്രവർത്തിയുടെ ഒരു ഫോട്ടോ അതിന്റെ മുൻചട്ടയിൽ അച്ചടിച്ചു പ്രസിദ്ധം ചെയ്തു. സർവ്വപത്രപ്രവർത്തകരോടും, മാസികയുടെ ആ ലക്കം വായനക്കാരോടും പ്രസ്തുത പുസ്തകത്തെ തലകീഴായ് പിടിക്കുകയോ വല്ല അന്യവസ്തുക്കളെ ആ ചട്ടമേൽ വെക്കുകയോ ചെയ്തുപോകരുതെന്ന് കല്പിക്കുവാനാജ്ഞാപിച്ചുപോലും.

മഹാരാജാവ് ഒരു ദേശീയ പര്യടനം നടത്തുകയാണെങ്കിൽ വഴിവക്കിലുള്ള ഗൃഹങ്ങളുടെയെല്ലാം ജനവാതിലുകളുടെ കർട്ടൻ താഴ്ത്തിയിടണം. ഇതിനുള്ള ഉത്തരവാദിത്വം പോലീസ്സിന്റേതാണു്.

രാജകീയ വംശജന്മാരാരെങ്കിലും ഒരാൾ മുക്ഡെനിലുള്ള യമാട്ടു ഹോട്ടൽ സന്ദർശിക്കുകയാണെങ്കിൽ അതിന്റെ മൂന്നാം നിലയിലാണു് പാപ്പേല്ലിക്കാറ്. നാലാം നിലകാലിയായ് വിടുകയും വേണം.

സിൽക്ക് ഗ്ലൌസ് ധരിച്ചല്ലാതെ അരമന വൈദ്യന്മാർക്ക് രോഗപീഡിതരായ ചക്രവർത്തിയെ



ഹിരോഹിതോ

യൊ തന്റെ മാതാപിതാക്കന്മാരെയൊ സ്പർശിച്ചുകൂടാ. പഴങ്കഥകൾപ്രകാരം അവിടുത്തെ തുന്നൽക്കാരനുകൂടി ഒരു നിശ്ചിത അകലത്തിൽനിന്നേ ഉടുപ്പളവുകൾ കണക്കാക്കാവൂ.

ടോക്കിയൊ ഇമ്പീരിയൽ യൂനിവെഴ്സിററിയിൽ 30 സംവത്സരത്തോളം സേവനം ചെയ്തു പ്രസന്നനായ പ്രൊഫസർ ഡാക്ടർ മിനോബ് ഒരവസരത്തിൽ രാജാവിനെ രാഷ്ട്രത്തിലെ ഒരു സാധാരണ അംഗമെന്ന നിലയ്ക്കു് സൂചിപ്പിക്കയാൽ അദ്ദേഹത്തിന്ന് കിട്ടിയ ദണ്ഡന മരണമല്ലെന്നെയുള്ളു! ഏവംവിധ സംഭവങ്ങൾ കൊണ്ടറിയാം ജപ്പാൻ ചക്രവർത്തിയുടെ അധികാര പാരമ്യം. രാജ്യത്തിന്റെ ജീവസിരവിധിരൂപമാണെയാൾ എന്നിരിക്കിലും ഭരണകാര്യത്തിലുള്ള സ്ഥാനം എന്തെന്ന് വഴിയെ കാണാം.

## വംശോല്പത്തി

ജാപ്പാൻ ചരിത്രത്തിന്റെ അരുണകിരണങ്ങൾപോലും ക്രി. പി. അഞ്ചാം ശതകത്തിന്നകത്തേക്കൊ അതിനു മുമ്പുള്ള കാലത്തേക്കൊ എത്തിനോക്കിയിട്ടില്ല. വംശസ്ഥാപകൻ പ്രഥമ ചക്രവർത്തിയായ ജിമ്മുവാണു്. ആ ജിമ്മു തന്നെ സൂര്യദേവന്റെ 5-ാം തലമുറയായിരുന്നുവത്രെ. സൂര്യന്റെ അരുമ സന്താനങ്ങളായിരുന്ന ജപ്പാനീയ ജനതയെ പരിപാലനാർത്ഥം ജിമ്മുവിനെ നിയോഗിച്ചയച്ചതാണു്.

വിട്ടു വീഴ്ചവരാത്ത ഒരേ ഒരു പരമ്പര ഗോത്രത്തിലെ 124-ാമത്തെ ചക്രവർത്തിയായ ഹിരൊഹിടൊ 1901 ൽ ഏപ്രിൽ 29-ാം തിയ്യതി രാത്രി 10-10നു ജാതനായ്. വിദ്യാഭ്യാസം പിയേഴ്സ് സ്കൂളിലും യൂറോപ്പിലേക്കുള്ള ഒരു യാത്രാ വേളയിലുമായിരുന്നു. 1922 ൽ താൻ റീജൻറായ്. 24-ൽ നാഗാകൊ കുനിയെന്ന രാജകുമാരിയെ വിവാഹം ചെയ്തു. രണ്ടാണ്ടുകൾക്കുശേഷം, 26 ൽ ക്രിസ്തുമസ് ദിനം രാജാവായെങ്കിലും പട്ടാഭിഷേക കർമ്മം നടന്നതു് 1928 ലാണു്. 2602 കൊല്ലങ്ങളായ് ചക്രവർത്തിപദം ഒരു പാരമ്പര്യാവകാശമായാണു് നടന്നുവരുന്നതെന്നു് ചില ജപ്പാനീയ ചരിത്രകാരന്മാർ മുഖേന അറിയുന്നു.

ഹിരൊഹിടൊ എന്ന പേരിൽ 'ഹിരൊ' എന്നാൽ ഇംഗ്ലീഷിൽ "Humane" എന്നും 'ഹിടൊ,' "Exalted" എന്നുമാണു്. ഇതിൽ രണ്ടാമത്തെ പദം ആ നാട്ടിൽ വേറെ ആരും അധികം ഉപയോഗിക്കാറില്ല. ഒരിക്കൽ ഒരു ഗ്രാമീണ കർഷകൻ തന്റെ പുത്രനു് ഹിരൊഹിടൊ എന്നു് നാമകരണം ചെയ്കയും കാലാന്തരത്തിൽ ആ പേർ രാജാവിന്റേതാണെന്നറിഞ്ഞപ്പോൾ ആയാൾ സകുടുംബം ഹരകീരി നടത്തുകയും ചെയ്തുവത്രെ.

രാജ്യഭരണം ഏറെറടുക്കുന്നതോടുകൂടി രാജാവ് വേറൊരഭിധാനം അംഗീകരിക്കുന്നു. പിന്നീടു ആ ജീവനാന്തവും അനന്തരവും ആ പേരിലാലറിയപ്പെടുന്നു. ഉദാഹരണമായ്, പരേതനായ ചക്രവർത്തിയുടെ—ഹിരൊ ഹിടൊവിന്റെ പിതാവിന്റെ—മൂലനാമം യോഷി ഹിടൊ എന്നും ഭരണകാലത്തു ടായ്ഷൊ എന്നുമായിരുന്നു. ഹിരൊഹിടൊ ഭരണ ദ്യോതം "ഷോവ" ആകുന്നു. ഇതിനർത്ഥം "ഭാസ്വരശാന്തി" (Radiant Peace) ആണത്രെ. ഇദ്ദേഹത്തിന്റെ മരണശേഷം ഈ ഭരണകാലത്തെ "Showa Period" എന്നും രാജാവിനെ ഷോവായെന്നും വിളിക്കപ്പെടും. അല്ലാതെ ഹിരൊഹിടൊ എന്നായിരിക്കയില്ല. അബ്ദങ്ങളും ഇങ്ങിനെയാണു് കണക്കാക്കുന്നതു്; അതായതു, 1942 ൽ ഷോവ 15 ആകുന്നു.

ജപ്പാൻകാർ തങ്ങളുടെ ചക്രവർത്തിയെപ്പററി സാക്ഷാൽ പേർ പറഞ്ഞു സൂചിപ്പിക്കാറില്ല. അതൊരു പാപകൃത്യമാണത്രെ. ആവുന്നതു സംസാര വിഷയം അങ്ങോട്ടു അടുപ്പിക്കാതെ കഴിക്കും. അല്ല, വേണ്ടിവന്നാൽ "സിംഹാസനം" എന്നൊ "ടെന്നൊ—ഹീക്കാ" (His Majesty, the Fmperor) അഥവാ, "ടെൻഷി സാമ" (Son of Heaven) എന്നൊ മന്ത്രിച്ചുച്ചരിക്കും. ചക്രവർത്തിയെന്നർത്ഥമായ "ടെന്നൊ" പദം പേരിനോടു ചേർത്താണു് പരേതനായ ചക്രവർത്തിമാരെ വിളിക്കാറ്. ഉദാഹരണം, മീജി ടെന്നൊ. ചുരുക്കിപ്പറകയാണെങ്കിൽ ചക്രവർത്തി സജീവനായാലും നിർജ്ജീവനായാലും ശരി പ്രജകളുടെ ആദരവിനും ആരാധനത്തിനും വ്യത്യസ്ഥതയില്ല. മഹാരാജാവിനെ മാനിക്കുന്ന മറെറാരു പദം 'മിക്കാഡൊ,' എന്നാൽ "Gate", അതായതു, (Gate of Heaven) "സ്വർഗ്ഗവാതിൽ" ആകുന്നു.

ചക്രവർത്തിമാർ സാധാരണ തങ്ങളുടെ പേർ എഴുതാറില്ല. ഒന്നൊ രണ്ടൊ സന്ദർഭങ്ങളിൽ മാത്രം വിദേശിയരായ ചിലർക്കു ചില ബഹുമാനമുദ്രകൾ സമ്മാനിക്കാൻവേണ്ടി ഇംഗ്ലീഷിൽ പേരെഴുതിയിട്ടുണ്ടു പോലും. ഇയ്യിടെയായി ഹിരോഹിടൊ എന്ന ഒപ്പുടയാളം വെച്ചുവരുന്നുണ്ടു്.

ഇവർ കിരീടധാരികളല്ല; ഇവർക്കു കിരീടമില്ല. രാജസ്ഥാനാരോഹണം ചെയ്തു ഉടനെ ഒന്നാമത്തെ രാജകീയ വിളംബരം ചെയ്യുന്നു. കിരീടധാരണം Go-Tairei, Daijo-Sai എന്ന രണ്ടു മഹോത്സവങ്ങളാൽ നടത്തപ്പെടുന്നു. പ്രസ്തുതവസരങ്ങളിൽ രാജൻ ഒന്നാമതായി ഷിൻടൊവിഗ്രഹത്തിൽ മുന്നിൽ വണങ്ങി താൻ രാജാവായ സംഗതി തന്റെ മുൻഗാമികളോടുണർത്തിക്കുന്നു. പിന്നീടു, ഉദയനഭാനുവിന്റെ നിറമായ മങ്ങിയ ഓറഞ്ച് നിറത്തിലുള്ള ഒരംബരധാരിയായ്, പ്രധാനമന്ത്രിയുടെ ഒരു വിളംബരം ശ്രദ്ധിക്കുന്നു. സന്ദർഭോചിതമായ പ്രശാന്തഗംഭീരത നിസ്തുലമാണു്. അവസാനമായി ഏകാകിയായ് രാജാവു ഒരു കുടിലിലിരുന്നു് അദൃശ്യ ദേവതകൾക്കു അന്നദാനം നടത്തുന്നു.

മുഖ്യമായ രാജചിഹ്നങ്ങൾ മൂന്നാകുന്നു; കണ്ണാടി, കണ്ഠാഭരണം, ഖഡ്ഗം. ഇവകളെല്ലാം വംശപ്രതിഷ്ഠകനായ ജിമ്മുവിന്നു് ആദിത്യദേവൻ അരുളിയവയാണു്. സൂര്യനെപോലും പ്രതിബിംബിക്കുവാൻ കെല്പുള്ള കണ്ണാടി സില്ക്കു നൂലുകളാൽ കെട്ടി ഒരു കറുത്ത പെട്ടിക്കകത്താണു് സൂക്ഷിക്കപ്പെട്ടിരിക്കുന്നതു്. ചക്രവൎത്തിപോലും ഇതിൽ മുഖം നോക്കുകയില്ല. താദൃശമായ വേറൊന്നു് ടോക്കിയോവിലെ രാജധാനിയിൽ വെച്ചിട്ടുണ്ടു്. പുരാതനകാലങ്ങളിൽ ഒരു പ്രധാന സമരസാമഗ്രിയായിട്ടാണു് ഈ കണ്ണാടിയെ കരുതിവന്നിരുന്നതു്. ഇതിൽ പതിക്കുന്ന കിരണപാളികൾക്കു അരിനിരകളെ അന്ധരാക്കിത്തീൎക്കുവാൻ കഴിഞ്ഞിരുന്നുവത്രെ. നാനാതരമനൎഘരത്നങ്ങളാൽ വിരാജിതമായ ആഭരണം ടോക്കിയോവിലാണു് നിക്ഷേപിക്കപ്പെട്ടിരിക്കുന്നതു്. സ്വതവെ സിദ്ധിച്ച വാൾ പണ്ടൊരിക്കൽ ലഹളക്കാലങ്ങളിൽ മാറിമറകയാൽ വേറൊരു വാളാണു് തൽസ്ഥാനം പിടിച്ചിരിക്കുന്നതു്. ചക്രവൎത്തിപദം പ്രാപിക്കുന്ന ഒരാൾക്കു ആദ്യമായി ലഭിക്കുന്നതു ഇവ മൂന്നുമാകുന്നു. നഗോയാവിലുള്ള ise ലെ വിഗ്രഹസന്നിധിയിലുള്ള ആ കണ്ഠാഭരണം ക്രി. പി. മൂന്നിൽ ഒരു ചക്രവൎത്തി വെച്ചതായിട്ടാണു് വിശ്വാസം.

'ഇസെ' യിലെ വിഗ്രഹം ഭാനുഭഗവാന്റെതാണു്. പല അവസരങ്ങളിലും ചക്രവൎത്തി അവിടം സന്ദൎശിക്കുന്നു. ദേവനോടു സംഗതികളെല്ലാം ഉണൎത്തിക്കുവാൻ പോകുന്നുവെന്നാണു് വെപ്പു്. എല്ലാ ക്യാബിനെററ് മന്ത്രിമാരും താന്താങ്ങളുടെ ഉദ്യോഗസിദ്ധിയെ അറിയിക്കുവാനും ദേവഭജനത്തിന്നും അവിടെ പോകണമെന്നു രാജശാസനയാണു്. കുറച്ചുകാലം മുമ്പു മോറി എന്നൊരു മന്ത്രി അവിടെ ചെന്നപ്പോൾ തന്റെ കൈവശമുണ്ടായിരുന്ന ഒരു വടികൊണ്ടു അവിടുത്തെ ഒരു കൎട്ടൻ പൊക്കിയ കാരണത്തിന്മേൽ കൊലചെയ്യപ്പെട്ടുവത്രെ.

രാഷ്ട്രീയമതം ഷിൻടൊയിസം ആകുന്നു. പോൎക്കളത്തിൽ പ്രാണൻ വെടിഞ്ഞ ഓരോ ഭടനും ഓരോവിഗ്രഹമായി പിൻഗാമികളാൽ ആരാധ്യനായിബ്ഭവിക്കുന്നു. സൎവ്വജപ്പാനിയും അൎക്കഭഗവാന്റെ മക്കളാണു്; അജയ്യരായ തേജസ്വികളാണു്. മതാനുസൃതം രാജാവിന്നുള്ള സങ്കല്പിതദിവ്യാനുകൂല്യം ആ രാജ്യത്തിലെ രാജാക്കന്മാൎക്കു നല്ലൊരു ഭരണോപകരണമായി ഉതകിനില്ക്കുന്നു. ഏവംവിധങ്ങളായ അടിയുറച്ച പല അന്ധവിശ്വാസങ്ങളുടെയും അത്യുൽക്കടപ്രചോദനമാണു് ജപ്പാന്റെ പോരാരംഭത്തിന്നും കൊണ്ടാട്ടത്തിന്നുമുള്ള പശ്ചാത്തലമെന്നു പറയാം. എന്തായാലും ആസന്ന ഭാവിയിൽ അവർ ആശ്ലാഘിച്ചിരുന്ന 'ദിവ്യാത്മകത്വം' വെറും മൂഢത്വമായ 'മറിമായ'മായ് മാററപ്പെടും; അവരുടെ 'മൎക്കടമുഷ്ടി' മണ്ണടിയും.

## ജീവിത രീതി

ടോക്കിയോവിന്റെ മദ്ധ്യത്തിലുള്ള ഒരരമനാന്തഭാഗമാണു ചക്രവൎത്തിയുടെ ശ്രീകോവിൽ. വേനല്ക്കാലത്തിലെ സുഖവാസസ്ഥലം 30 നാഴിക ദൂരെയുള്ള "കാമക്രൂറാ'വിന്നടുത്തുള്ള 'ഹയാമ' യാണു്. ജപ്പാന്റെ പൂൎവ്വദേശപാൎശ്വങ്ങളിൽ സുമാർ അമ്പതോളം സുഖവാസസ്ഥലങ്ങളുണ്ടെങ്കിലും അവയെന്നും അത്ര പതിവായി സന്ദൎശിക്കപ്പെടുന്നവയല്ല. പ്രാചീനാചാരപരിധിക്കുള്ളിൽ പതുങ്ങി പ്രവൎത്തിക്കേണ്ട പരിപാടികളാണു് ഇയാളുടേതു്.

വിദേശ രാഷ്ട്രീയ പ്രതിനിധികൾ ആദ്യമായി രാജസന്നിധിയിലണയുമ്പോൾ ആചരിക്കേണ്ട ക്രമം രസാവഹമാണു്. ആളൊ അകമ്പടിയൊ കൂടാതെ ഏകാകിയായി ചെല്ലണം: ബഹുമാനദ്യോതകമായി മൂന്നു തവണ തലകുനിക്കണം. പിന്നെ താൻ കൊണ്ടുവന്ന കത്തു (Letter of Credence) വായിക്കുന്നു. ശേഷം, രാജാവു വായിച്ചു കേട്ടകത്തിന്നു മറുപടി വായിക്കുന്നു. ഇരുവരും തമ്മിലുള്ള സംഭാഷണം സാധിക്കുന്നതു ഒരു ദ്വിഭാഷിദ്വാരമാണു്. ഇയ്യാൾ തിരുമുഖത്തേക്കു നോക്കാതെ ഭക്തിപുരസ്സരം ശബ്ദങ്ങൾ അധോമുഖനായി ഉച്ചരിക്കണം. അല്പനേരത്തെ സംഭാഷണാനന്തരം വിദേശി വീണ്ടും മൂവുരു തലകുനിച്ചു പിൻവാങ്ങുന്നു.

പത്രപ്രതിനിധികൾക്കു തിരുമുമ്പിൽ പ്രവേശം പ്രായേണ പ്രതിരോധിതമാണു്. അമേരിക്കൻ പത്രപ്രവൎത്തകന്മാർ തങ്ങളുടെ ഏതെങ്കിലുമൊരു ടോക്കിയോ ലേഖകൻ ചക്രവൎത്തിയുമായി ഒരഭിമുഖഭാഷണം സാധിക്കുന്നതായാൽ അയാൾക്കു 100 പവൻ ബോണസ്സ് കൊടുത്തുകൊണ്ടിരുന്നു. പക്ഷെ ചക്രവൎത്തിവശാൽ അതു വാങ്ങിയവരാരുമില്ല.

ആണ്ടിൽ രണ്ടു തവണ ഏപ്രിൽ, നവെമ്പർ മാസങ്ങളിൽ ചക്രവൎത്തി തന്റെ വേണ്ടപ്പെട്ടവൎക്കെല്ലാം ഒരു "ആരാമവിരുന്നു" (Garden Party) കൊടുക്കുന്നു. ഈ അവസരത്തിൽ പത്രപ്രതിനിധികൾക്കും സന്നിഹിതരാവാം. എന്നാൽ 1937 നു ശേഷം ചൈനായോധനം തുടങ്ങിയതിൽപിന്നെ ഈ വിരുന്നുകളെല്ലാം തല്ക്കാലം വിലക്കിവെച്ചിരിക്കുന്നു. അതിഥികൾക്കെല്ലാം രാജാവു ഓരോ ചെറുപെട്ടിക്കകത്തായി ചില കേക്കുകളും മററും കൊടുക്കുന്നു. മന്ത്രിമാൎക്കും വിദേശീയ പ്രതിനിധികൾക്കും ആണ്ടുതോറും ഓരോ ചെറിയ ചായക്കോപ്പകൾ ലഭിക്കും. ഒരു മന്ത്രിയുടെ സൎവ്വീസിന്റെ ആകത്തുക അയാൾ സൂക്ഷിച്ചുവെച്ചിരുന്നുവെങ്കിലുള്ള കോപ്പകളാൽ നിൎണ്ണയിക്കാം.

ചക്രവൎത്തി ഒരിക്കലുപയോഗിച്ച വസ്ത്രങ്ങൾ —സമാധാനകാലത്തെ സമ്പ്രദായമാണെ— രണ്ടാമതുപയോഗിക്കയില്ലത്രെ. ആയവകളെല്ലാം കീഴുദ്യോഗസ്ഥന്മാരുടെ കീശയിൽ ഇനാമായി പോകുന്നു.

ഇന്നത്തെ ചക്രവൎത്തി 1921 ൽ യുവരാജാവായിരിക്കുമ്പോൾ, കഴിഞ്ഞ 2581 കൊല്ലങ്ങളായി തന്റെ മുൻഗാമികളിലൊരുവനും മുതിരാതിരുന്ന ഒരു കടുംകൈ നടത്തിച്ചു; വിദേശസഞ്ചാരം!!

1930 ന്റെ അന്ത്യദശയാണു് ചക്രവൎത്തിയെ ഒരു മനുഷ്യനാക്കിത്തീൎക്കുവാൻ തുനിഞ്ഞതു്. മുമ്പൊരിക്കലും റേഡിയോവിൽ സംസാരിച്ചിട്ടില്ലായിരുന്ന ഈ മനുഷ്യൻ ഇയ്യിടെയായി അടിക്കടി അടിവയററിൽ അടികിട്ടിയ പട്ടിയെപ്പോലെ അലറുന്നതു് വായുതരംഗങ്ങളിലൂടെ ഗോളത്തിന്റെ പല ഭാഗങ്ങളിലും തിരതല്ലുന്നുണ്ടല്ലൊ. ദൈനംദിനമായി ചക്രവൎത്തിയെ ഒരു മനുഷ്യനായും അതൊപ്പം തന്നെ ദേവനായും ആണു് ജപ്പാൻ ജനത കരുതിവരുന്നതു്.

ചക്രവൎത്തിക്കു സൎവ്വശക്തികളും തന്നിലുണ്ടു്. എന്നാൽ ഈ വസ്തുത കാരണം അയാൾക്കു രാജ്യകാൎയ്യങ്ങളിൽ കയ്യേറുവാൻ വയ്യ. ചക്രവൎത്തിയാലല്ല ജപ്പാൻ ഭരിക്കപ്പെടുന്നതു്. അയാൾ ഒരു "ഡിക്റേറററ്"റൊ, പീററർ ദി ഗ്രേററൊ, ഒരു ക്രോംവെലൊ അല്ല; രാജ്യത്തിൽ മററു ചിലൎക്കു രാജ്യഭരണ വിദ്യുഛക്തി നിയന്ത്രിതയന്ത്രം തിരിക്കുവാൻ പൎയ്യാപ്തമായുപകരിച്ചമരുന്ന ഒരു വെറും സ്വിച്ച്; അത്രമാത്രം!!

(ശുഭം)



വന്ദനം

സഖാക്കളേ!

കാടും മേടും കടന്നു്, അട്ടയുടെയും കൊതുവിന്റെയും കടി സഹിച്ചു്, ദംഞ്ഞും മഴയുമേററു് അവർ ബൎമ്മയിലൂ മുന്നോട്ടു പോയി. അവരുടെ പരാക്രമവും ധീരോദാത്തതയും നെഞ്ഞൂക്കും നമ്മെ വിജയത്തിലെത്തിച്ചു.

# ഇന്നലെ

['ഇന്നലെ'ത്തെ ദുരന്തങ്ങൾ ഇന്നും അവയുടെ കാലടിപ്പാടുകൾ നമ്മുടെ ഹൃദയത്തിൽ പതിച്ചിട്ടുണ്ട്. 1942ൽ എഴുതിയ താഴെകാണുന്ന പദ്യത്തിൽ അതിന്റെ ഒരു ചെറിയ വശം മാത്രമേ ചിത്രീകരിക്കുന്നുള്ളൂ. ചൈനയാണ് ഈ സംഭവത്തിന്റെ പശ്ചാത്തലം.

നിരവധി വർഷങ്ങളായി ലോകം ഇങ്ങിനെയുള്ള ദുരിതശതങ്ങളാൽ താറുമാറായിക്കൊണ്ടിരിക്കുന്നു. രാജ്യങ്ങൾ, ജനങ്ങൾ, കുടുംബങ്ങൾക്കെല്ലാം തികച്ചും മാറിമറിഞ്ഞു കഴിഞ്ഞു.

ഈ വിജയവേളയിൽ നമുക്ക് ആഹ്ലാദിക്കണം. പക്ഷെ ആ ആഹ്ലാദത്തിന്റെ അടിസ്ഥാനം വെറും ആവേശകരമായാൽ മാത്രം പോരാ. നാളത്തെ ലോകത്തിൽ വീണ്ടും ഈ നരകയാതനകൾ നർത്തനം ചെയ്യാൻ നമുക്ക് അനുവദിച്ചുകൂടാ. അതിനുള്ള പരിതഃസ്ഥിതികൾ സജ്ജമാക്കുന്നതിന്നു ഇന്നു മുതൽ തന്നെ നമുക്കൊരുങ്ങുക. അതേ സമയത്ത് 'ഇന്നല'ത്തെ സംഭവഗതികൾ മനസ്സിൽ വെക്കുന്നത് കൂടുതൽ ഉപയോഗപ്രദമായിരിക്കും.—എം. ജി.]

പതിവിൻ പടിയന്നും
നിന്നിതാ യുവതിയ-
പ്പടിവാതില്ക്കൽ, തെരു
വീഥിതൻ സമീപത്തിൽ,

നിദ്രയാൽ കൺപോളകൾ
പാതിയും കൂമ്പിപ്പോയ-
പുത്രനെ ഗാഢം മാറോ-
ടണച്ചു പുൽകിപ്പുൽകി.

അമ്മതന്നമ്മിഞ്ഞയിൽ
മെല്ലവേ തിരുപ്പിടി-
ച്ചു,മകൻ കൂടക്കൂടെ
ചൊല്ലുന്ന ചിലതെല്ലാം.

പൈതലിൻ കൊഞ്ചലേതും
കേൾക്കാതെ സോൽക്കണ്ഠയായ്
കാതോർത്തു നിന്നീടുന്ന
മാതാവു മറെറന്തൊന്നോ!

അന്തിയായ്: പതിവുപോൽ
പള്ളിയിൽനിന്നപ്പോഴും
മന്ദ്രമാം മണിനാദം
മുഴങ്ങികേട്ടില്ലാരും.

പശ്ചിമദിക്കെങ്ങുമേ
തീബോംബു വർഷിക്കയാൽ
കത്തിവെന്തീടും പുരം
പോലവേ തുടുത്തുപോയ്.

നാലഞ്ചു നക്ഷത്രങ്ങൾ
പൊട്ടിയ ബോംബിൻ തുണ്ടം-
പോലവേയാകാശത്തി-
ലങ്ങിങ്ങായ്ത്തിളങ്ങുന്നു

ഇരുളാം വിഷവായു
വേല്ക്കായ്വാൻ വാനം മേഘ-
നിരയാൽ മുഖംമൂടി
നില്ക്കുന്നു നിശ്ശബ്ദമായ്;

അഭയസ്ഥാനംതേടി
പ്പോവുമാൾക്കൂട്ടംപോലെ
യവിടമെങ്ങുംകിത-
ച്ചോടുന്നു ചണ്ഡാനിലൻ.

മാറിപ്പോയാളനക്കം
വീഥിയിൽ വിളക്കില്ല;
കൂരിരുൾ; നില്പു ദീപ-
സ്തംഭങ്ങൾ പ്രേതംപോലെ

ഭീതിയാൽ മരവിച്ചു
പോയിതിന്നഗരത്തിൻ
ചേതനാമൂർച്ചരയെല്ലാ
മിക്കാളരാത്രിയ്ക്കുള്ളിൽ!

ദൂരയായ് വണ്ടിണ്ടതൻ
മൂളലെന്നോണം കേൾക്കു-
മാരവമാവിർഭവി
ച്ചീടുവതെങ്ങുന്നാവാം?

പേടിയാൽ തൻചുററിലും
നോക്കുവാൻ പോലും സാധി-
ച്ചീടാതെ സ്തംഭിച്ചവൾ
നിന്നുപോയ് നിരാലംബം.

ചന്ദ്രികച്ചാറാലഭി
ഷിക്തയായ് നറുമഞ്ഞിൻ
കഞ്ചുകം ചാർത്തിമിന്നും
ഹേമന്ത നിശകളിൽ,

അമ്പിളിയമ്മാമനെ
ച്ചൂണ്ടിത്തൻ കിടാവിനെ-
യൻപോടു താലോലിച്ചു
തായയാമിവളപ്പോൾ,

"അവരിന്നത്തെ രാത്രി
യെത്തീടാം" വിണ്ണിൽ നോക്കു-
ന്നളവിലേവം വിധം
ചിന്തിച്ചു നടുങ്ങുന്നു!

വ്യോമമണ്ഡലമവൾ
ക്കാകുലഭയാശങ്കാ-
സ്തോമമേകീടും കൊടും
ചുടുകാടായിത്തോന്നി!

ദുഷ്ടരാം ശത്രുക്കളെ
യൊക്കയും തൻനാട്ടിൽ നി-
ന്നാട്ടിയോടിക്കാനുള്ള
ഘോരമാം സമരത്തിൽ,

ഈടുപെട്ടൊളിപ്പോരിൻ
നേതാവായെങ്ങോ ദൂരെ
വാഴുകയാണിക്കുഞ്ഞിൻ
താതനാം ഭടാഗ്രിമൻ.

അതിലീവനിതയ്ക്കി-
ല്ലാവലാതികളേതും
നിതരാം രാജ്യസേവാ
നിരതനല്ലോ നാഥൻ.

ഭർത്താവിൻ ധീരോദാത്ത
കൃത്യങ്ങളോരോന്നായി
പത്രങ്ങൾ പലപ്പോഴും
പുകഴ്ത്തിയുൽഘോഷിപ്പൂ,

അഭിമാനത്താൽ, ദേശ
സേവനൌത്സുക്യാവേശാ-
ലവളിൽ കിളിർത്തീടും
പുളകപ്പൂമൊട്ടുകൾ!

"കുഞ്ഞിനെ നന്നായ് ശുശ്രൂ-
ഷിക്കണം പ്രിയേ" എന്നു
മഞ്ജുവാക്യത്താൽ യാത്ര
ചൊല്ലിയ തൻവല്ലഭൻ,

തിരിച്ചങ്ങെത്തീടുമ്പോ-
ളായാൾക്കു സമ്മാനിപ്പാൻ
കരുതിക്കാത്തുവെച്ചി
ട്ടുണ്ടിവളെന്തെല്ലാമോ!


അതിനും മുമ്പായെത്ര
കാളരാത്രികളേവ-
മതിജീവിച്ചീടേണ
മമ്മയുമിപ്പൈതലും?

ഉച്ചത്തിലുടൻ കേൾക്കായ്
ശത്രുവിൻ ബോംബാക്രമം
പ്രഖ്യാപിച്ചീടും നാദം,
വിപത്തിൻ വാദ്യഘോഷം

തീവീണ കടന്നലിൻ
കൂട്ടപോലപ്പട്ടണ-
മാകവേ പ്രക്ഷുബ്ധമായ്,
ഇളകീജനാവലി.

ഇരുളിൻ തിരയ്ക്കുള്ളി
ലാണ്ടുപോയ് രണഭാത്മാക്കൾ
പരൽമീൻകരിഞ്ചണ്ടി
ക്കകത്തെന്നതുപോലെ!

പിറേറത്തെ പ്രഭാതത്തി
ലാവഴിവക്കിൽ കണ്ടു
നാട്ടുകാരേതോ രണ്ടു
മനുഷ്യ കങ്കാളത്തെ . . . .!



വിജയസാദ്ധ്യതയ്ക്കുവേണ്ടി വിശ്രമവും വിനോദവുമില്ലാതെ വീരോചിതം പോരാടിയവരാണ് ഈ രണ്ടു ഭടന്മാരും.



## വിജയാഗമനത്തിന്നു ഉത്തരവാദികളായ വീരനേതാക്കന്മാർ



സഖ്യശക്തികളുടെ ഈ വിശ്വസ്ത സഖാവ് ആഗസ്റ്റ് 9-ാം തിയ്യതി യുദ്ധം പ്രഖ്യാവിച്ചു; പക്ഷെ 5 ദിവസംകൊണ്ടു ഹിരോഹിതൊ കീഴടങ്ങി.



ജനറൽ മക്ആർതർ, ഹിരോഹിതോവിനെ ഒരു നല്ല പാഠം പഠിപ്പിച്ചു; ഇനിയും പഠിപ്പിക്കും!



എട്ടു കൊല്ലത്തെ യുദ്ധം കഴിഞ്ഞിട്ടും ചൈനയും അവിടുത്തെ ചിയാങ്ങും ജീവിച്ചു.



ലൂയി മൌണ്ട്ബാററൻ പ്രഭു.



ജനറൽ ലീസ്.

# "സ്വർഗ്ഗത്തിലെ വിജയാഘോഷം"

(പി. എസ്. നീലകണ്ഠൻ, ബോംബെ)

ലെനിൻ: പ്രസിഡെണ്ട് റൂസ്‌വെൽട്ട്! വരണം; താങ്കളുടെ ആഗമനം ഈ സ്വർഗ്ഗത്തിന്നൊരു നവചൈതന്യമായിരിക്കുന്നു. യാത്രയെങ്ങിനെ? സുഖംതന്നെയായിരുന്നുവൊ എന്തൊ?

റൂസ്‌വെൽട്ട്: മൊസ്യൂ ലനിൻ, കർമ്മധീരനായ താങ്കളെ ഞാനിതാ അഭിവാദ്യംചെയ്യുന്നു. താങ്കളുടെ ഈ സാമീപ്യാവസ്ഥ ഏതു ഹൃദയത്തെയാണു പുളകിതമാക്കാത്തതു്? മനുഷ്യസ്നേഹത്തിന്റെ അവതാരമൂർത്തിയായിരുന്ന താങ്കൾ ഇന്നു സ്വർഗ്ഗവിധാതാവായിപ്പരിലസിക്കുന്നു. അഹൊ! വിശ്രമസുഖമെന്തെന്നറിയാത്ത ആ കൈകളെ ഞാനൊന്നു ചുംബിക്കട്ടെ സഖാവു ലനിൻ, വാർദ്ധക്യത്തിന്റെ അശക്തതയും, കാലിന്റെ സുഖക്കേടും മാറിക്കിട്ടിയതുകൊണ്ടു യാത്ര സുഖപ്രദംതന്നെയായിരുന്നു. എന്നാൽ വഴിക്കുള്ള തിരക്കു; അതതിഭയങ്കരം തന്നെ. ആവു!

ലെനി: തിരക്കു? തിരക്കു അത്ര സഹിക്കാൻ പാടില്ലാത്ത മട്ടിലായിരുന്നുവൊ? കാലേ കൂടി വേണ്ട ഏർപ്പാടെല്ലാം ചെയ്തിരുന്നുവല്ലൊ. പിന്നെ എന്താ ചെയ്യുക സഖാവെ? യുദ്ധകാലമല്ലെ, പുറപ്പെട്ടവരെല്ലാം ഇങ്ങെത്തിച്ചേരുകയും വേണ്ടെ? അതുകൊണ്ടു കുറച്ചൊരു ബുദ്ധിമുട്ടു സംഭവിച്ചിരിക്കാം. പക്ഷെ—

റൂസ്: അല്ല, കുററം പറയുകയല്ല ഞാൻ. യഥാർത്ഥം പറഞ്ഞുവെന്നെയുള്ളു. കുറച്ചു തിരക്കുണ്ടായിരുന്നെങ്കിൽത്തന്നെയെന്താണു്! വാർദ്ധക്യവും, കാലിന്റെ സുഖക്കേടും മാറിക്കിട്ടിയതു ഈ യാത്ര പുറപ്പെട്ടതിൻ ശേഷമല്ലെ; അത്രയും ഭാഗ്യം സിദ്ധിച്ച ഈ യാത്രയെ ഞാനത്യധികം പുകഴ്ത്തുന്നു. അടുത്തെനിക്കൊരു കാര്യമറിയുവാൻ തിടുക്കമായി. നമ്മുടെ വിൽക്കിയെവിടെ?

ലെനി: വിൽക്കി! ആര്! ഒ: ഒ: ഓർമ്മവന്നു, ആ "ഏകലോക"ത്തിന്റെ കർത്താവു സഖാവു വെണ്ടൽ വിൽക്കിയല്ലെ. അദ്ദേഹമിപ്പോളിവിടെയില്ല? അടുത്തു വന്നുചേരും.

റൂസ്: എവിടേക്കാണു പോയിരിക്കുന്നതു്?

ലെനി: വീണ്ടും ഭൂഗോളത്തെ ഒന്നു ചുററിവരുവാൻ പറഞ്ഞയച്ചിരിക്കയാണു്. എന്റെ പ്ലെയിനിൽത്തന്നെയാണു പോയിരിക്കുന്നതു്.

റൂസ്: കാര്യം രഹസ്യമായിരിക്കുമൊ? എന്തൊ!

ലെനി: ഇവിടെ രഹസ്യമെന്നും, പരസ്യമെന്നും രണ്ടില്ല. കാര്യം പറയാം; അന്നു താങ്കൾ വിൽക്കിയെ ലോകം ചുററിവരുവാൻ പറഞ്ഞയച്ചിരുന്നില്ലെ; പക്ഷെ, ആ യാത്ര തികച്ചും അനിയന്ത്രിതമായിരുന്നില്ല. അതുകൊണ്ടു അദ്ദേഹത്തിന്റെ ആ "ലോകദർശനം" പലവിധത്തിലും അപൂർണ്ണമായി ഭവിച്ചിട്ടുണ്ട്. ആ കുറവു നികത്തുവാൻ സ്വന്ത അഭിലാഷത്തിലും, വിശിഷ്യ, [illegible] നിലക്കും കൂടിയാണു ഇന്നദ്ദേഹം പുറപ്പെട്ടിട്ടുള്ളതു്. ശരി, മനുഷ്യലോകത്തിലെന്താണു വിശേഷം? [illegible] വിജ്ഞാനയന്ത്രങ്ങൾ കൊണ്ടു കാര്യങ്ങളെല്ലാം ഞങ്ങൾ അറിയാമെങ്കിലും, ഒരു ദൃക്സാക്ഷി വിവരിക്കുന്നതു കേൾക്കാൻ കൂടുതൽ രസമുണ്ടെന്നു കരുതിയാണു താങ്കളോടു ചോദിക്കുന്നതു്.

റൂസ്: മൊസ്യൂ ലെനിൻ, എല്ലാം വിവരിച്ചു പറയുവാൻ എനിക്കു സാധിക്കും. എന്നാൽ, എല്ലാം അറിഞ്ഞിരിക്കുന്ന താങ്കൾക്കു, യുദ്ധത്തിന്റെ ഓരോ ഘട്ടങ്ങളേയും പററിയും, ഇരുഭാഗത്തുമുണ്ടായിട്ടുള്ള നഷ്ടലാഭങ്ങളെ വിവരിക്കയും ചെയ്യുന്നതായാൽ, അതു ഒരു പരാവർത്തനവും വിരസവുമായിത്തീരുന്നതാണു്. എന്നാൽ ചിലതു മാത്രം പറയാം. എന്നാണൊ ആ മുറിമീശക്കാരൻ ഹിററ്ലർ റഷ്യയുടെ നേക്കു വലിയ തോക്കുനീട്ടി തീപ്പെട്ടിക്കോലുരച്ചതു അന്നുതന്നെ അയാളുടെ മണ്ടക്കകത്തുണ്ടായിരുന്ന തലച്ചോറെല്ലാം ചീഞ്ഞളിഞ്ഞിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. അയാളുടെ കഥ അടുത്തുതന്നെ അവസാനിക്കും. സ്റ്റാലിൻ, അദ്ദേഹത്തെപ്പററി ഞാനെന്തു പറയട്ടെ! ആ ശിഷ്യസത്തമൻ ഉണ്ടായിരുന്നില്ലെങ്കിൽ താങ്കൾ മനുഷ്യലോകത്തിൽ ചെയ്തു സകല പ്രയത്നങ്ങളുടെയും ഫലം ഇന്നു വെറും ജലരേഖമാത്രമായിത്തീർന്നേനെ. അതെ—പുരോഗമനമാർഗ്ഗത്തിൽ ശരിക്കു തന്റെ രഥത്തെ മുന്നോട്ടു നയിക്കുന്ന ഒരു സാരഥിയാണു് മാർഷൽ സ്റ്റാലിൻ. യുദ്ധനടത്തിപ്പിൽ ബ്രി: പ്രധാന മന്ത്രി ചർച്ചിലിനും, മാർഷൽ ചിയാങ്ങ്-കെ-ഷേക്കിന്നും അതിപ്രധാനമായ ഭാഗങ്ങളാണുള്ളതു്. ചർച്ചിൽ! ആ വൃദ്ധസിംഹത്തിന്റെ സ്തനിതഗർജ്ജന ഇന്നുമെന്റെ കാതുകളിൽ മുഴങ്ങുന്നു. ആറേഴു കൊല്ലങ്ങളായി, ആയുധവുമാഹാരവുമില്ലാത്ത ദരിദ്രയായ ചൈന, കവചവിഹീനമായ തന്റെ മാറുകൊണ്ടാണു ജപ്പാനെ തടഞ്ഞുനിർത്തുന്നതു്. അതിന്നു വഴികാട്ടുന്ന ആളു ചിയാങ്ങ്-കെ-ഷേക്കുമാണു്. ഞാനാശിക്കുന്നു, അടുത്ത ചില ദിവസങ്ങളിൽ ഫാസിസം വീണു മണ്ണടിയുമെന്നു്. ഇതാണു മനുഷ്യലോകത്തിൽനിന്നു ഞാൻ പുറപ്പെട്ടപ്പോൾ അവിടത്തെ നില.

ലെനി: ശരി, നമുക്കീ സ്വർഗ്ഗമൊന്നു ചുററിക്കാണണ്ടെ! ഇവിടെ വന്നിട്ടും ഇതുവരെ എനിക്കു യാതൊരു വിശ്രമവുംകിട്ടിയിട്ടില്ല. (രണ്ടു പേരും എഴുന്നേററു സംസാരിച്ചുകൊണ്ടു ചുററിനടക്കുന്നു.)

റൂസ്: ഇതെന്താണിതു്? എവിടെ നോക്കിയാലും മുമ്പൊന്നും കേട്ടിട്ടുപോലുമില്ലാത്തതായി പലതും കാണുന്നുവല്ലോ.

ലെനിൻ: ഇതെല്ലാം ഓരോ യന്ത്രങ്ങളാണു്. ഇവിടത്തെ സകലവിധ പ്രവൃത്തികളും നടക്കുന്നതു വിജ്ഞാനത്തിന്റെ ശക്തികൊണ്ടാണു്. ഇവിടത്തെ നിവാസികൾ ചിന്തിക്കയും, യന്ത്രങ്ങൾക്കു ഓരോരോ ചെയ്തുകൊടുക്കയും മാത്രമേ ചെയ്യേണ്ടതുള്ളു. എല്ലാം താനെ നടന്നുകൊള്ളും.

റൂസ്: അപ്പോൾ ഇവിടത്തെ നിവാസികളുടെ—ദേവന്മാരുടെ വേല വളരെ ലഘൂകരിച്ചുവെന്നു പറയൂ.

ലെനിൻ: വാസ്തവം, എന്നാൽ ഈ നിലയിലെത്തുവാൻ ഞങ്ങൾക്കു വളരെ പണിപ്പെടേണ്ടിവന്നു. പതിനെട്ടും ഇരുപതും മണിക്കൂർ കൂടി ഞങ്ങൾ വേല ചെയ്തിട്ടുണ്ട്.

റൂസ്: താങ്കളുടെ സംഭാഷണങ്ങളും, ഇവിടത്തെ നിലയും എല്ലാം കാണുമ്പോൾ എനിക്കു വളരെ ആശ്ചര്യം തോന്നുന്നു. ഇതാണോ ആ സ്വർഗ്ഗം? ഞാൻ പുരാണങ്ങളിലും, ഐതിഹ്യങ്ങളിലും മററും കേട്ടിരിക്കുന്നതു മററു വിധത്തിലാണല്ലൊ!

ലെനിൻ: എന്റെ സുഹൃത്തേ താങ്കളുടെ [illegible]! ഞാനിവിടെ വന്ന കാലത്തു താങ്കൾ കേട്ടറിഞ്ഞിരിക്കുന്നതിനൊത്തുള്ള ഒരു സ്വർഗ്ഗം തന്നെയായിരുന്നു ഇതു്. ആ ഭയങ്കര സ്വർഗ്ഗത്തെ ഞാനിടിച്ചുതകർത്തു. എത്ര മഹാപാതകം പ്രവൃത്തിച്ചാലും, മനുഷ്യദ്രോഹം ചെയ്താലും, കല്ലിന്റെ മുമ്പിൽ മുട്ടുകുത്തുകയൊ, മെഴുകുതിരി കത്തിച്ചുവെക്കുകയൊ ചെയ്താൽ കിട്ടുമായിരുന്ന ആ സ്വർഗ്ഗം—അധർമ്മത്തിന്റെ പേരിൽ, അന്ധവിശ്വാസത്തിന്റെ പേരിൽ കൊള്ളയും കൂട്ടക്കൊലയും സഹായിച്ചിരുന്ന സ്വർഗ്ഗം—സ്ത്രീകളെ പുരുഷന്റെ ഭോഗസാധനം മാത്രമായി കരുതിപ്പോരാൻ ഉപയോഗപ്പെട്ടിരുന്ന ആ സ്വർഗ്ഗം—അതെ, ദുഷ്പ്രഭുത്വകാലസർപ്പങ്ങളുടെ വിഹാരരംഗമായിരുന്ന ആ സ്വർഗ്ഗം—അല്ല—നരകം അതിന്നില്ല. ഇനി ഉണ്ടാവുകയുമില്ല. അതു് ഇരുന്നിടത്താണു് ഈ നവീനലോകം നിലകൊള്ളുന്നതു്. ഇവിടത്തെ ദൈവം പ്രേമമാണു്, ആദർശം സമത്വമാണു്; ജീവിതം ജീവിക്കാനുള്ളതാണു്. ഇതാണു് ഞങ്ങളുടെ ലോകം; ഇതാണു് ഞങ്ങളുടെ സ്വർഗ്ഗം; ഇതാണു് ഞങ്ങളുടെ സത്യം.

(ഈ സമയത്തു ഇവരുടെ പിൻപുറത്തുകൂടി വിലങ്ങനെ ഒരാൾ ഓടിപ്പോകയും, ലെനിൻ പെട്ടെന്നു കൈത്തോക്കെടുത്തു വെടിവെച്ചു അയാളെ കൊല്ലുകയും ചെയ്യുന്നു. റൂസ്‌വെൽട്ട് അമ്പരക്കുന്നു.)

പ്രസിഡെണ്ട്! നിങ്ങൾക്കു പകക്കുവാൻ യാതൊരവകാശവുമില്ല. കാര്യങ്ങൾ ഞാൻ വഴിയെ വിവരിക്കാം. ആ ചത്തതു ഒരൊററുകാരനാണു്. മററു ഗോളങ്ങളിൽനിന്നു ഇങ്ങിനെയുള്ള ഉപദ്രവങ്ങൾ ചിലപ്പോളിവിടെയുണ്ടാകാറുണ്ട്. പക്ഷെ, എന്തുചെയ്യാം, ആ വ്യക്തിയെ നശിപ്പിക്കതന്നെ ചെയ്യേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ ഇവിടവുമില്ല. താങ്കൾ തന്നെ ഒന്നാലോചിച്ചുനോക്കു. അല്പം പേരുടെ സുഖത്തിന്നു അനേകം പേർ നശിക്കുന്നതോ, അതൊ, അനവധിപേരുടെ സുഖത്തിന്നു അല്പം ചിലർ നശിക്കുന്നതൊ ഉത്തമമെന്നു്.

വ്യക്തിക്കു നന്മ ചെയ്യുവാൻ മാത്രമേ എല്ലാവർക്കുമധികാരമുള്ളു. സമുദായത്തിന്നു ഹാനികരമായ ഒന്നും ചെയ്യുവാനവനധികാരമില്ല. അവനും സമുദായത്തിലെ ഒരു അംഗമാണു്. ഇനി തുറന്നുതന്നെ പറയാം. പല ദേശങ്ങൾക്കും ഞങ്ങളോടു അസൂയയുണ്ട്. അവരും അവരുടെ [illegible] ഞങ്ങളെ, ഞങ്ങളുടെ ഭരണരീതിയെ നശിപ്പിക്കുവാൻ നോക്കുന്നു. അവരെ നശിപ്പിക്കാതെ ഞങ്ങളെന്തു ചെയ്യും? ഇതാണു് വാസ്തവം.

(ലെനിനും റൂസ്‌വെൽട്ടും കുറെ ദൂരം നടന്നു ചെന്നപ്പോൾ അതിഭയങ്കരമായ ഒരു [illegible] കാണുന്നു. ഒരു ഭാഗത്തു അനവധി [illegible] അട്ടിയിട്ടിട്ടുണ്ട്. [illegible])

റൂസ്: ഇതെന്താണു് ഈ കാണുന്നതു്? അതിഭയങ്കരമായ [illegible]! എത്ര [illegible]! എത്ര വലിയ [illegible]! [illegible]

ലെനി: രഹസ്യമൊന്നുമില്ല. ഹിററ്ലർ [illegible]

റൂസ്: ഇതിന്റെ അർത്ഥം?

ലെനി: ഹിററ്ലർ എന്തു കാരണം പറഞ്ഞാണു് യുദ്ധത്തിനു പുറപ്പെട്ടതു്?

റൂസ്: അവർക്കു ജീവിക്കുവാൻ ഇടം പോരെന്ന്.

ലെനി: അതുകൊണ്ടാണ് വിസ്തീർണ്ണമായ ഈ മരുഭൂമി നിർമ്മിച്ചിട്ടുള്ളത്.

റൂസ്: ഈ ശവങ്ങളും ചോരക്കളവും ?

ലെനി: ഇതു പരിശുദ്ധമായ ആര്യരക്തവും, ശവങ്ങളുമാണ്. ഇവരുടെയെല്ലാം ജീവഹാനിക്കു കാരണവും ഹിററ്ലർ തന്നെ ആണ്. ആഹാരവും വെള്ളവും നമ്മുടെ ഫ്യൂറർക്കു ആവശ്യവുമാണല്ലോ.

റൂസ്: മതി, നമ്മൾക്കിനി തിരിച്ചുപോവുക.

ലെനി: ശരി, പോകാം. ഭൂഗോളത്തെച്ചുററി വിൽക്കി ഇപ്പോൾ തിരിച്ചെത്തിയിരിക്കും.

റൂസ്: ആ ! ഭൂലോകത്തെപ്പററി പറഞ്ഞപ്പോഴാണ് എനിക്കോർമ്മ വരുന്നത്. ഇന്ത്യയെപ്പററി നിങ്ങൾ എന്തു പറയുന്നു?

ലെനി: ഇന്ത്യയെപ്പററി ഇപ്പോൾ എന്തു പറയുവാനാണ്. ഏതിനെപ്പററിയും ശരിയായിപ്പഠിക്കാതെ ഞാനൊന്നും പറയുക പതിവില്ല. എന്നാൽ ഒന്നു തീർച്ച: ഇന്ത്യയിന്നു ലോഹമുരുകിക്കിടക്കുന്ന ഒരു മൂശയാണ്. അതു സാധാരണജനങ്ങൾക്കു ആവശ്യമായ കരുക്കളിൽ വാർത്തെടുക്കണം. അബദ്ധത്തിൽ അസ്ഥാനത്തായിപ്പോയാൽ ചരിത്രം വീണ്ടും ആവർത്തിക്കേണ്ടിവരും. അതിന്നിടവരാതെ കാക്കേണ്ടതു് അവിടത്തെ സാമാന്യജനതയുടെ കടമയാണ്.

റൂസ്: ലെനിൻ, ഞാൻ താങ്കളെ സ്നേഹിക്കുന്നു, ആരാധിക്കുന്നു. ഹാ ! എന്തു കർമ്മോത്സാഹം !

ലെനി: റൂസ്‌വെൽട്ട്, നിങ്ങൾ തീരെ ആശ്ചര്യപ്പെടണ്ട. നമ്മൾക്കിനിയും പലതും പറയുവാനുണ്ട്. എന്നാലും ഫാസിസ്റ്റു വിരോധയുദ്ധത്തിൽ എന്നു നിങ്ങൾ ചേർന്നുവോ അന്നുമുതൽ ഹിററ്ലരും കൂട്ടാളികളും നശിക്കാൻതുടങ്ങി. വരൂ, നമുക്കല്പം വിശ്രമിക്കുക.

(അതിന്നിടയിൽ വിൽക്കി പിറകിലൂടെ പ്രവേശിക്കുന്നു. റൂസ്‌വെൽട്ട് വിൽക്കിക്കു ഹസ്തദാനം ചെയ്യുന്നു.)

റൂസ്: മി. വിൽക്കി ! എന്തെല്ലാമാണ് വിശേഷങ്ങൾ ?

വിൽക്കി: ഒരു വലിയ വർത്തമാനം !

ലെനി: അതെന്താണ് ?

വിൽക്കി: ഹിരോഹിതോവിന്റെ സാമ്രാജ്യം അടി തകർന്നു. ആ നരമ്പിച്ച ചക്രവർത്തി ഭരണകൂടത്തിന്റെ ചവിട്ടടിയിൽ നിന്നു ലോകം സ്വതന്ത്രമായി.

ലെനി: ജനാധിപത്യത്തിന്റെ ഒരു വിജയം.

റൂസ്: ലെനിൻ, നിങ്ങളും ജനാധിപത്യത്തിൽ വിശ്വസിക്കുന്നുവോ ? അത്ഭുതം തന്നെ.

വിൽക്കി: ഇതു നമ്മളാരും പ്രതീക്ഷിക്കാത്ത ഒരു വസ്തുതയാണ്.

ലെനി: അതെ, നിങ്ങൾ വിചാരിച്ചോ ലെനിൻ ഒരു മക്കടമുഷ്ക്കിക്കാരനും യാഥാസ്ഥികനുമാണെന്ന് ? അല്ലാ, യഥാർത്ഥ ജനാധിപത്യം—ജനങ്ങൾക്കു അവരുടെ ജീവിതരീതിയെ നിയന്ത്രിക്കാനും നിർണ്ണയിക്കാനുമുള്ള സ്വാതന്ത്ര്യം—അതിന്നാണ് പണ്ടും ഞാൻ പൊരുതിയത്. അന്നെനിക്കും കുറെയൊക്കെ ആലോചനക്കുറവു വന്നിട്ടുണ്ട്.

റൂസ്: അബ്രഹാം ലിങ്കൺ പറയുന്ന ആ ജനകീയരീതിയും ഇതുതന്നെ.

വിൽക്കി: ആ കൂട്ടത്തിൽപ്പറയട്ടെ, ഞാനൊരു ലഘുപാനീയത്തിന്നു വട്ടം കൂട്ടീട്ടുണ്ട്.

(വിൽക്കി രണ്ടു കുപ്പി വീഞ്ഞും മൂന്നു ഗ്ലാസ് വീഞ്ഞും മേശത്തട്ടിൽ വെക്കുന്നു.)

ലെനി: സന്തോഷം ! ഭൂലോകത്തിൽ നിങ്ങളോടു പിണങ്ങിയ എനിക്ക് നിങ്ങളോടു സ്വർഗ്ഗത്തിലെങ്കിലും ഇണങ്ങിക്കഴിയാൻ സാധിച്ചതിൽ ഞാൻ കൃതാർത്ഥനാണ്.

(വിൽക്കി ഗ്ലാസിൽ പകർന്നു ഓരോരുത്തർക്കും കൊടുക്കുന്നു. എല്ലാവരും ഗ്ലാസ് പൊന്തിച്ചു പിടിക്കുന്നു.)

റൂസ്: സാധാരണജനങ്ങളുടെ സ്വാതന്ത്ര്യത്തിന്നുവേണ്ടി !

ലെനി: നാലു സ്വാതന്ത്ര്യത്തിന്നു വേണ്ടി !

വിൽക്കി: ഏകലോകത്തിന്നുവേണ്ടി !

(മൂവരും വീഞ്ഞുകുടിക്കുന്നു)

(കർട്ടൻ)

# അവർ വരുന്നു!

(പാന)

(ജി)

വന്നിടുന്നവർ, വിശ്വം മുഴുവനും
വെന്നിടുവാൻ ജനകീയശക്തികൾ !
കെട്ടി നിർത്തുവാനാർക്കു മസാദ്ധ്യമി-
ത്തീർത്ഥയാത്രയെ, തീവ്ര പ്രവാഹത്തെ !!

ഇന്നലെവരെപ്പോരിട്ടുനിന്നവർ
മന്നിൻ നായകരാകാനൊരുങ്ങുന്നു ;
കാക്കിയിട്ടു കനത്ത തോക്കേന്തിയ-
പ്പോക്കിരികളെയൊക്കെയൊടുക്കിയോർ,
മാനുഷത്വം മരിയ്ക്കാതിരിയ്ക്കുവാൻ
പ്രാണരക്തം പകർന്നുകൊടുത്തവർ !

മുന്നണിയിൽ നടക്കുമീ വീരർതൻ-
പിന്നണിയിലുണ്ടെല്ലാ ജനങ്ങളും.
വേലചെയ്തുവലഞ്ഞവർ, നെൽവയൽ-
ച്ചാലിലെ ചേറു ചിന്നിയ കർഷകർ ;
ഫാക്ടറിയിലെ കൽക്കരി ചാർത്തിച്ച-
മുമേയേലു മുടപ്പിട്ട വേലക്കാർ,
പാവനാദ്ധ്യാപകന്മാർ, ഭിഷഗ്വരർ,
ജീവനത്തിന്നു പാടുപെട്ടീടുവോർ,
അജ്ഞനങ്ങൾ സമസ്തവും വന്നിടു-
ന്നസ്തമിയ്ക്കാതൊരുത്സാഹപൂർവ്വകം !
പോകയാണവർ പേടിയെന്യേപരി-
പാകതയോടെ പാരിടം വെല്ലുവാൻ.

II

പോകയാണവരിന്നോളവും ചെയ്ത-
പോരിൽ ലക്ഷ്യം വിളംബരം ചെയ്യുവാൻ.
അത്രമേൽ മഹനീയ മിതിഹാസ-
മിദ്ധരയിലപൂർവ്വമെവിടെയും !
രാമനെക്കാൾ കരുത്തെഴും വീരരാ-
ണീമഹൽ ഭടരോരോന്നു മോർക്കുവിൻ.
രാവണന്മാരെയൊന്നല്ല, രണ്ടല്ല
ഹാ, വധിച്ചുകഴിഞ്ഞതിത്തോഴന്മാർ.
പെണ്ണിനുവേണ്ടിയല്ല, തന്നാട്ടിലെ-
മണ്ണിനും വേണ്ടിയല്ലിവർ ചെയ്തു പോർ.
സത്യസ്വാതന്ത്ര്യ സൌഭ്രാത്ര സിദ്ധികൾ
സുസ്ഥിരമാക്കി നിർത്തുന്നതിന്നത്രെ.
രാജ്യമോരോന്ന മോരോവരമ്പിട്ടു-
കൃത്രിമത്വം പുലർത്തും വ്യവസ്ഥകൾ,
അജ്ഞമാണിവർക്കെല്ലാ മൊരേലോക-
മൊററമർത്ത്യത, യുദ്ദേശ്യമൊന്നു താൻ !
ആരണാങ്കണച്ചൂളയിൽ വാർത്താം
നൂതന സുഹൃൽസ്സംഘമിശക്തികൾ.

ആർത്തടക്കുന്ന യിത്തെഴനേററതാം
പുത്തനാം പരിവർത്തനരീതികൾ,
ആത്മസാഹസം തങ്ങളെ രക്ഷിപ്പാൻ
യുദ്ധംചെയ്തോരെ യാദരിച്ചീടുവാൻ !

III

പൊയ്ക്കഴിഞ്ഞിതേ ഫാസിസററു ശക്തിതൻ
ശുഷ്ക്കശുഷ്ക്കമാമാശയ സഞ്ചയം.
ഉൽക്കടമാം ജനകീയ സംഗര-
സൽപ്രവാഹത്തിലാഞ്ഞലിഞ്ഞാകവേ.
നാസിസം വെന്ത വെണ്ണീറുകൂട്ടിയും
നാറുകയില്ലയിന്നിമേൽ തെല്ലുമേ !
രക്തനിർമ്മിതരത്നസിംഹാസന-
മസ്ഥിര, മസ്ഥിവാരം തകർന്നുപോയ്.
വാടിയതെങ്ങുപോലെ വിഴുന്നിതാ-
മോടിയേറുന്ന രാജകിരീടങ്ങൾ.
ചത്തു ചീഞ്ഞു കഴിഞ്ഞു പഴമക-
ളെത്തിനോക്കി നിയതിൻ പ്രേതവും !

എങ്ങുമെങ്ങും തളിർത്തു തഴയ്ക്കുന്നു
തുംഗഭാഗിതുളുമ്പിടും ചൈതന്യം
പുത്തനോണം പുലർന്നു, മനുഷ്യന്റെ-
സിദ്ധിയൊക്കെ വിടർന്നു ലസിയ്ക്കയായ് !

വിക്രമങ്ങളിതേവിധം കാട്ടിയോർ
വിശ്വം വെല്ലുവാനെത്തിക്കഴിഞ്ഞുപോയ്,
ഓർത്തുകൊള്ളുവിൻ ലോകത്തിലെപ്പരി-
വർത്തനത്തിന്റെ സന്ദേശവാഹകർ !
നിന്ദ്യ സാമൂഹ്യദുർന്നയമേന്തുവാ-
നിന്നിമേലും തുടരേണ്ടൊരാളുമേ.
ചൂഷണം ചുമക്കാനുള്ളൊരത്താണി-
യാണുമർത്ത്യതയെന്നു നിനയ്ക്കായ്കിൻ !
സമ്മതിയ്ക്കില്ല തെല്ലുമിസ്സൂത്രങ്ങൾ
തിന്മതൻ ജന്മ വൈരികളാമവർ.
ഉൺമതന്നുററതോഴരുലകത്തെ
വെന്നു, പാതിയും വെന്നുകഴിഞ്ഞല്ലോ.

IV

എന്തൊരുന്മാദ, മുത്സാഹമാരിലും
ചിന്തിടുന്നു സൽച്ചിന്തതൻ ചെങ്കതിർ !
തീർച്ചയാണ,വർ ചെയ്യിടും കൃത്യത്തിൽ-
മൂർച്ചയാമുഖം നോക്കിലറിഞ്ഞിടും !
എന്തൊരാഹ്ലാദ ദായകദർശനം
ബന്ധുരത്വം തികഞ്ഞ പ്രദർശനം !
"നോക്കൂ നിങ്ങളുംകൂടി വരുന്നുവോ
മർത്ത്യതയെ സ്വതന്ത്രമാക്കീടുവാൻ ?"
പാദവിന്യാസനിസ്വനത്താലവർ
പാതയിലെ പഥികരോടോതുന്നു.
പോയിടുന്നുവോ, ഹേ സഖാവേ, ഭവാൻ
കൂടിയു മിതിൽപ്പങ്കാളിയാകുവാൻ ?

ലോകമൊന്നു പുതുക്കിപ്പണിയുവാൻ,
നാകലോക സമാനമാക്കീടുവാൻ,
മാനുഷന്റെയവകാശമാകവേ
മാനമാർന്നുടൻ വീണ്ടെടുത്തീടുവാൻ,
ജീവിതത്തിന്നിരുണ്ട വശങ്ങളിൽ
പാവിതമാം വെളിച്ചം കൊളുത്തുവാൻ,
മർദ്ദനത്തിന്റെ മാന്ത്രിക വിദ്യകൾ-
ക്കൊക്കെയും കൊടുംശിക്ഷ കൊടുക്കുവാൻ,
മാരണമാമൊന്നാരാരണ രീതിയെ
പ്പാരിൽനിന്നു പരിച്ഛേദനം ചെയ്യാൻ,
മർത്ത്യനെ മർത്ത്യനായ് ഗണിച്ചിടുന്ന
പുത്തനാം സമുദായം പണിയുവാൻ
വന്നിടുന്നവർ, വിശ്വം മുഴുവനും
വെന്നിടുവാൻ ജനകീയശക്തികൾ.
കെട്ടി നിർത്തുവാനാർക്കുമസാദ്ധ്യമി-
ത്തീർത്ഥയാത്രയെ, തീവ്രപ്രവാഹത്തെ !
പോയിടുന്നുവോ, ഹേ സഖാവേ, ഭവാൻ
കൂടിയുമിതിൽ പങ്കാളിയാകുവാൻ ?

---

## ഇക്കൊല്ലത്തെ തിരുവോണം

## വിജയദിനാഘോഷമായി

## കൊണ്ടാടുക !

# ചരിത്രഗതിയ്ക്കു് വേഗത കൂടുന്നു

[ഒരു സുപ്രസിദ്ധ ജീവശാസ്ത്രകാരനായ ജൂലിയൻ ഹക്സ്ലി ശാസ്ത്രം മൂലമുണ്ടായിട്ടുള്ള മനുഷ്യന്റെ പുരോഗമനത്തെക്കുറിച്ചു് ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നു "ഓൺ ലിവിങ്ങ് ഇൻ എ റവല്യൂഷൻ" എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥത്തിലെ ഒരദ്ധ്യായമാണിതു്. ജീവശാസ്ത്രപരമായ പല സുപ്രസിദ്ധ തത്വങ്ങളും പരിഗണനകളും പരിശോധനകളും ആധുനികശാസ്ത്രത്തിന്നു അമൂല്യങ്ങളായ പല നേട്ടങ്ങളും സമ്മാനിച്ച ആളും ഇന്നു ജീവിച്ചിരിക്കുന്ന ബ്രിട്ടീഷു ജീവശാസ്ത്രകാരന്മാരിൽ പ്രധാനിയുമായ മി: ജൂലിയൻ ഹക്സ്ലി ഇംഗ്ലീഷു സാഹിത്യത്തിലെ അനശ്വരജ്യോതിസ്സായ മി: ആൽഡസ് ഹക്സ്ലിയുടെ സഹോദരനാണു്. ഈ സഹോദരന്മാർ തമ്മിൽ ചിന്താരീതിയിൽ ഗണ്യമായ അഭിപ്രായവ്യത്യാസം ഉൾക്കൊള്ളുന്നവരാണു്. ഒരു കാലത്തു ഒരു യുക്തിവാദിയും, സ്വതന്ത്രചിന്തകനുമായ ആൽഡസ് ഹക്സ്ലി ഒരു ച്യുതിയതരം ബ്രാഹ്മണനായിത്തീർന്നിരിക്കുന്നുവെങ്കിലും, ശാസ്ത്രജ്ഞനായ അദ്ദേഹത്തിന്റെ സഹോദരൻ അത്രമേൽ അവജ്ഞാജടിലമായ മാനസികാധഃപതനത്തിന്റെ അഗാധതയിലേയ്ക്കു് അടിഞ്ഞു വീണിട്ടില്ലെന്നുമാത്രമല്ല, ഇന്നും ശാസ്ത്രത്തെ സമ്പൽസമൃദ്ധമാക്കിക്കൊണ്ടുതന്നെയിരിക്കുന്നു. ശാസ്ത്രകാരൻ ബ്രാഹ്മണത്വത്തിലേയ്ക്കും യോഗാഭ്യാസങ്ങളിലേയ്ക്കും ഇഴഞ്ഞുകയറുക എന്നതു് ഒരപൂർവ്വസംഗതിയാണല്ലോ.— യു.സ.പ.]

## ജൂലിയൻ ഹക്സ്ലി

കഴിഞ്ഞ 5000 വർഷത്തോളമായുള്ള മനുഷ്യചരിത്രത്തിലേയ്ക്കു നോക്കിയാലറിയാം പരിഷ്കാരം പലപ്പോഴും എത്ര ശീഘ്രതയിലാണു് മുന്നോട്ടെടുത്തു ചാടിയിരിക്കുന്നതു് എന്നു്. വിശിഷ്യ കഴിഞ്ഞ 300 വർഷങ്ങൾക്കിടയിൽ, ആധുനികശാസ്ത്രത്തിന്റെ അപ്രതിഹതമായ ആവിർഭാവം മൂലം പരിഷ്കാരം സീമാതീതമാംവിധം പുരോഗമിച്ചുകഴിഞ്ഞിട്ടുണ്ടു്. പണ്ടു് ശാസ്ത്രീയമായ കണ്ടുപിടുത്തത്തിന്റെ പ്രാധാന്യം പ്രയോജനവും മനസ്സിലാക്കണമെങ്കിൽ ഒരു നൂററാണ്ടു് കാലം ആവശ്യമായിരുന്നിടത്തു, ഇപ്പോൾ പത്തുകൊല്ലം മാത്രംമതി എന്നു പൊതുവെ നോക്കിയാൽ മതി. ശാസ്ത്രത്തിന്റെ സർവ്വപ്രധാനമായ സിദ്ധികളും സേവനസാദ്ധ്യതയും സമുദായത്തിൽ നാൾതോറും കൂടുതൽ പ്രചുരപ്രചാരമാവുകയും, പ്രയോജകീഭവിക്കുകയും ചെയ്യുന്നതാണു് ഇതിന്നുള്ള ഹേതു്.

ചരിത്രത്തിൽ തികച്ചും പുത്തനായ ഒന്നത്രേ ഇതു്. ഒരു നൂററാണ്ടു് മനുഷ്യജീവിതത്തെ സംബന്ധിച്ചേടത്തോളം ഒരു നീണ്ട കാലഘട്ടമാണെന്നു വേണം പറയുവാൻ. ഈ സമയത്തിന്നുള്ളിൽ വ്യക്തിപരവും സാമൂഹ്യപരവുമായ മാററങ്ങൾ താരതമ്യേന സുസാധമാണു്. എന്നാൽ ഒരു വമ്പിച്ച പരിവർത്തനം ഒരു ദശാബ്ദംകൊണ്ടു തന്നെ ഉണ്ടാവുന്നപക്ഷം ഒരു പുതിയ പ്രശ്നം അതിൽനിന്നു സമുത്ഭവിക്കുന്നുണ്ടു്. ഓരോ വ്യക്തിയും ആയാളുടെ ജീവിതകാലത്തിന്നുള്ളിൽത്തന്നെ അഞ്ചുംആറും പ്രാവശ്യം തന്റെ ആശയാദർശങ്ങളെ പുതുക്കുകയും, അഭിപ്രായഗതികളെ രൂപവൽക്കരിക്കുകയും ജീവിതരീതിയെത്തന്നെ വിപുലീകരിക്കുകയും വ്യത്യാസപ്പെടുത്തുകയും ചെയ്യേണ്ടിവരുമ്പോൾ, അതിൽ ചില വിഷമതകളൊക്കെ കണ്ടെന്നു തന്നെ വരാം. എന്നാൽ, ആ വിപ്ലവദശയുടെ ഗതിവേഗം അധികരിക്കുമ്പോൾ, കൂടുതൽ അടിസ്ഥാനപരങ്ങളായ സംയോജിപ്പുകളും ക്രമാതീതമായ മാററങ്ങളും ലോകത്തിൽ സംഭവിക്കുന്നു. ഈ ഒരൊററ നൂററാണ്ടിൽ മാത്രം നമുക്കു രണ്ടുലോകമഹായുദ്ധങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നുവെന്ന വസ്തുത വെറും യാദൃശ്ചികമല്ല. അതിന്റെ ഫലങ്ങളെന്താണെന്നു ആ ദശാസന്ധികളിൽ ജീവിച്ചവക്കു് തികച്ചും അറിയാൻ സാധിച്ചിട്ടുമുണ്ടു്.

ജീവ:ശാസ്ത്രപരമായ ഈ പുതിയ വികാസത്തിന്റെ പശ്ചാത്തലത്തിൽനിന്നുകൊണ്ടു്, മനുഷ്യസമുദായത്തിന്നു് അവശ്യം വേണ്ട ആ പരിവർത്തനങ്ങളിലേയ്ക്കു വളരെ പ്രയാസം കൂടാതെ പാഞ്ഞുകയറാൻ സാധിച്ചതു് പ്രത്യേകിച്ചും പ്രസ്താവ്യമാണു്. 1939 നു ശേഷം തികച്ചും മൌലികവും സർവ്വവ്യാപകവുമായ ഒരു വീക്ഷണഗതി ഉത്ഭവിച്ചിട്ടുണ്ടു്. എന്നാൽ അതേസമയത്തു് ഈ ഒരു പരിവർത്തനത്തിന്നു വേണ്ടി, കാലത്തിന്റെ അമൂല്യഭണ്ഡാഗാരത്തിൽനിന്നു അഞ്ചു വർഷങ്ങൾ അപഹരിച്ചെടുത്തു യുദ്ധം ചെയ്യേണ്ടിവന്നുവെന്നതു് പരിതാപകരമായ ഒരു പരമാർത്ഥം മാത്രമാണു്. ഇപ്പോൾ മുതൽ നാം ആ പരിവർത്തനത്തെ കുറിച്ചു ഗാഢവും ശ്രദ്ധാപൂർവ്വവുമായി ചിന്തിക്കേണ്ടിയിരിക്കുന്നു. ജീവിതത്തിന്റെ എല്ലാ പ്രധാന തുറകളെയും പ്ലാനിങ്ങു് മുതൽ വിദ്യാഭ്യാസംവരെ, ഇതു ബാധിക്കുന്നു. തന്റെ വ്യക്തിപരമായ ചിന്തയിലും, കൂട്ടായ വീക്ഷണഗതിയിലും, സാമൂഹ്യജീവിതത്തിലും മനുഷ്യൻ തികച്ചും പരിവർത്തനബോധമുള്ളവനായേ കഴിയൂ.

ഇന്നുണ്ടായിവരുന്ന പരിവർത്തനങ്ങളുടെ വ്യാപ്തിയെക്കുറിച്ചു തികച്ചും മനസ്സിലാക്കണമെങ്കിൽ, വ്യവസായവിപ്ലവവും ഇന്നത്തെ വിപ്ലവവും തമ്മിലുള്ള വ്യത്യാസത്തെ നാമൊന്നു താരതമ്യപ്പെടുത്തിനോക്കിയാൽ മതി. വ്യവസായവിപ്ലവകാലത്തു് ജനങ്ങൾ ഒരുവിധത്തിൽ ഉൽബുദ്ധരായിരുന്നു; അവർ മനസ്സിലാക്കി, ചില വമ്പിച്ച പരിവർത്തനങ്ങൾ വരുന്നുണ്ടു് എന്നു്. എന്നാൽ അതേസമയത്തു് ആ പരിവർത്തനത്തിന്റെ ഗതിയും നിയന്ത്രണവും അവരിൽനിന്നും അതീതവുമായിരുന്നു. രാഷ്ട്രത്തിലെ അഭിവൃദ്ധിപ്രാപിച്ച വിഭാഗത്തിന്നു കൂടുതൽ വികാസവും വളർച്ചയും കിട്ടി; തങ്ങൾ ഒരു ചരിത്രപരമായ പ്രസ്ഥാനത്തെയാണു് മുന്നോട്ടു കൊണ്ടുവരുന്നതെന്നു അവർ കരുതി. എന്നാൽ അതേസമയത്തു മൌലികമായ മാററങ്ങളൊന്നു കൂടാതെ "പുരോഗമന" ത്തിലെത്തുന്നതിന്നുള്ള ഒരു രീതിയായിരുന്നു അവർ തുടർന്നു വന്നിരുന്നതു്.

എന്നാൽ ഇന്നോ? സാധാരണ മനുഷ്യൻ കൂടി ഈ പരിവർത്തനത്തിൽ ഒരു പങ്കാളിയാണു്. അങ്ങിനെ പങ്കുചേരുന്നതിന്റെ ആവശ്യകതയെക്കുറിച്ചു് ആയാൾക്കു ചുരുങ്ങിയതു ഒരു നൂററാണ്ടു മുമ്പുള്ളതിനേക്കാൾ നൂറിരട്ടി ബോധം ഇന്നു കൈവന്നിട്ടുണ്ടു്. പരിവർത്തനഗതിയിൽത്തന്നെ പല പല മാററങ്ങളും വരാനിടയുണ്ടെന്നു ചിന്തകന്മാരും മനസ്സിലാക്കിത്തുടങ്ങി. മനുഷ്യസമുദായത്തെ മാറുകയും മാററിക്കൊണ്ടിരിക്കുകയും, ചെയ്തുവരുന്നതാണു്, വിമാനയാനം, റേഡിയൊ, ടലവിഷൻ തുടങ്ങിയ കണ്ടുപിടുത്തങ്ങൾ. ഭക്ഷണരീതി, ശരീരാരോഗ്യം, വ്യാധി ഇവയെക്കുറിച്ചു നമുക്കിന്നുള്ള വിജ്ഞാനത്തെത്തന്നെ കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നപക്ഷം മനുഷ്യസ്വഭാവത്തിൽ വമ്പിച്ച മാററങ്ങളുണ്ടാകാനിടയുണ്ടു്. അവയുടെ ഫലങ്ങൾ എത്രമാത്രം ദൂരവ്യാപകമാകുമെന്നു മുൻകൂട്ടിപ്പറയുന്നതിന്നും കൂടി പ്രയാസമാണു്. ഇതുകൂടാതെ മാനസികവും ശാരീരികവുമായ വികാരവ്യത്യാസങ്ങളെ നിയന്ത്രിക്കുന്നതിന്നും നയിക്കുന്നതിന്നും വേണ്ട പല കണ്ടുപിടുത്തങ്ങളും ഇനിയും ആസന്നഭാവിയിൽ ഉണ്ടാകാനിരിക്കുന്നു.

വിപ്ലവങ്ങളിൽത്തന്നെ ഒരു വിപ്ലവമാണു് ഇന്നത്തെ വിപ്ലവം ഉണ്ടാക്കിയിരിക്കുന്നതു്. ഇദംപ്രഥമമായി ശരിയായ പരിവർത്തനത്തെക്കുറിച്ചുള്ള യഥാർത്ഥബോധം ഉളവായിത്തുടങ്ങിയിട്ടുണ്ടു്. എന്നാൽ ചില വിപത്തുകളും ഇതിനിടയ്ക്കു ഉണ്ടെന്നു പറയാതെ തരമില്ല. അതിൽ ഏററവും ആപൽക്കരമായതാണു് ഇന്നു നാം ജീവിച്ചുവരുന്ന വിപ്ലവദശയ്ക്കു അതിന്റെ അന്ത്യലക്ഷ്യപ്രാപ്തിയടയുന്നതിന്നു സുസാധ്യമാണെന്നുള്ള വിശ്വാസം.

പലരും അവരുടെ ആദർശവാദം യഥാർത്ഥവും, അവരുടെ ആശകൾ പ്രായോഗിക സാദ്ധ്യതകളുമാണെന്നു് അബദ്ധമായികരുതുന്നു. ഫ്രഞ്ചു വിപ്ലവകാലത്തും ഇങ്ങിനെ സംഭവിക്കുകയുണ്ടായി. രാജകീയവും ദൈവീകവുമായ ദുർഭരണത്തിൽനിന്നു സ്വതന്ത്രമായാൽ, ഉടൻ മനുഷ്യന്റെ സ്വാഭാവികമായ ഗുണഗണങ്ങൾ തഴച്ചുവളരുമെന്നു അവർ വിശ്വസിച്ചു. യുക്തിവാദത്തിന്റെ മതം പ്രായോഗികമല്ലാതായി. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മുദ്രാവാക്യങ്ങൾ പരിശുദ്ധമല്ലാത്ത സാമൂഹ്യവും മാനുഷികവുമായ അഭിവൃദ്ധിമൂലം മരവിച്ചുപോയി. വിക്ടോറിയൻ വിജ്ഞാനദശയിലും വീണ്ടും ഇതുതന്നെ സംഭവിച്ചു. പരിമിതമല്ലാത്ത സാമ്പത്തികമത്സരത്തിന്റെ ആദർശങ്ങളിലുള്ള മതിപ്പും വിശ്വാസവും അതിന്നു ഹേതുവായി. സ്വയം സഹായം, വ്യക്തിസ്വാതന്ത്ര്യം, സാർവ്വജനീനമായ വിദ്യാഭ്യാസവികാസം ഇവയെല്ലാം തന്നെ പരിപൂതമല്ലാത്ത സാമ്പത്തിക വസ്തുതകൾമൂലം വേണ്ടവിധത്തിൽ സാധിതപ്രായമല്ലാതായി. കഴിഞ്ഞ യുദ്ധാവസാനത്തിലും ഇതേ രീതിതന്നെ തുടർന്നു. സ്വയം നിർണ്ണയാവകാശം, ലീഗ് ഓഫ് നേഷൻസ് ഇവയെല്ലാം അതിന്റെ ആദർശങ്ങളിൽ തന്നെ അന്തർല്ലീനമായിക്കിടന്നിരുന്ന വൈരുദ്ധ്യങ്ങളാൽ തകർന്നുപോയി.

ഇന്നും അതേമാതിരിയുള്ള അയഥാർത്ഥവും പരസ്പരവിരുദ്ധവുമായ അഭിപ്രായഗതികൾ പ്രചരിച്ചുവരുന്നു. സോഷ്യലിസത്തിന്റെ ഗുണം, പാർല്ലിമെണ്ടറി ഡമോക്രസിയുടെ പ്രാധാന്യം, സാധാരണ മനുഷ്യന്റെ ക്ഷേമം, സൈനികവും സാമൂഹ്യവുമായ സുരക്ഷ, രാഷ്ട്രീയ സ്വാതന്ത്ര്യം, ഫെഡറേഷൻ ഇവയെക്കുറിച്ചെല്ലാം തന്നെ പലരും പലതും പലപ്പോഴും പൊരുത്തമില്ലാതെ പറഞ്ഞുവരുന്നു. മനുഷ്യന്റെ കഴിവുകളെപ്പററിയുള്ള കൂടുതൽ മതിപ്പും, നമുക്കു ചെയ്വാനുള്ള കൃത്യങ്ങളെക്കുറിച്ചുള്ള 'സാരമില്ലാ മനസ്ഥിതിയും' ഇക്കാര്യത്തിലും ആപൽക്കരമാണു്. . . . . . . .

ഇന്നത്തെ സ്ഥിതിഗതികളെക്കുറിച്ചു് ഒരു ശ്രദ്ധാപൂർവ്വമായ വിശകലനം ആവശ്യമാണു്. എന്നാൽ മൌലികതയിൽനിന്നു ആകസ്മികതയെ വേർതിരിച്ചെടുക്കുന്നതിന്നു നമുക്കു കഴിയും. ഒരു പരിവർത്തനത്തിൽ ജീവിക്കുക എന്നതു് ഒരു വലിയ കാര്യമാണു്. അതേസമയത്തു് ഈ പ്രത്യേക വിപ്ലവത്തിൽ ജീവിക്കുന്നതു് സന്തോഷകരവുമല്ല. എന്നാലും നമുക്കൊരാശ്വാസമുണ്ടു്. ഈ വിപ്ലവത്തിൽ ശാസ്ത്രത്തിന്നു ഒരു നല്ല പങ്കു് നിർവ്വഹിക്കുവാൻ കഴിയും. ചരിത്രം മുമ്പേത്തേക്കാളെല്ലാം ശീഘ്രതയോടെ പുരോഗമിക്കുന്നു. നാം പരിശ്രമിക്കുന്നതായാൽ, ഈ പരിവർത്തനദശയിൽ ജീവിച്ചുവരുന്ന നമുക്കു ചരിത്രത്തെ സഹായിക്കുന്നതിന്നു സാധിക്കും.

---

വിമശലാശയന്മാരെ, വിബുദ്ധരേ, വീരരേ,

വിനകളഖിലമൊഴിഞ്ഞതകന്നു.

അവസാനവിജയം സമാഗതമായിതേ

നവലോകമൊന്നു നാം വെന്നുവല്ലോ!

# ജപ്പാൻ—ഒരു വിഹഗവീക്ഷണം

ഏഷ്യയുടെ കിഴക്കൻ കടൽക്കരയിൽ നീണ്ടു കിടക്കുന്ന നിരവധി ദ്വീപുകൾ ഉൾക്കൊള്ളുന്നതാണ് ജപ്പാൻ. വെവ്വേറെ കിടക്കുന്നതാണെങ്കിലും അവയെല്ലാം ഒരു നല്ല തോതിലുള്ള സുദൃഢമായ സാംസ്കാരികൈക്യമുണ്ട്.

ജപ്പാന്റെ ചരിത്രം ഇങ്ങിനെ ചില ദശകളായി സംക്ഷിപ്തമായി വ്യാഖ്യാനിക്കാം.

പരിവർത്തനദശ :—ഏഷ്യാററിക് സംസ്കാരവും സ്വാധീനതയും ജപ്പാനിലേക്ക് വ്യാപരിക്കുകയും, അവിടെ ഒട്ടിപ്പിടിക്കുകയും ചെയ്തു, (ഉദ്ദേശം എ.ഡി. 300--700).

നവയുഗം :—ബുദ്ധസംസ്കാരത്തിന്റെ സുവർണ്ണദശയും പ്രത്യേകമായി ജാപ്പ പരിഷ്കാരത്തിന്റെ ഉദയവും (ഏഴും എട്ടും നൂററാണ്ടുകൾ).

ഹേൻദശ :—നാട്ടുവാഴികളുടേയും ഇടപ്രഭുക്കന്മാരുടേയും ഭരണത്തിന്റെ ആവിർഭാവം. ഇക്കാലത്ത് (ഒമ്പതു മുതൽ 13-ാം നൂററാണ്ടുവരെ) ക്യാട്ടോവായിരുന്നു തലസ്ഥാനം.

കമാകുറദശ :—ഫ്യൂഡലിസത്തിന്റെ ഉദയം; ഷോഗ്യൂ (പട്ടാളപ്രമാണിത്തം) വിന്റെ ആധിപത്യം; സെൻ ബുദ്ധിസത്തിന്റെ പ്രചാരം (1300—1500).

അഷികാഗ കാലഘട്ടം :—ഫ്യൂഡലിസത്തിന്റെ വികാസം (1500—1700).

ടൊകുഗാവ കാലഘട്ടം :—ജാപ്പ സംസ്കാരത്തിന്റെ വ്യാപ്തി, പോലീസ് ഭരണത്തിന്റെ ആരംഭം, വ്യാപാരത്തിന്റെ ഉദയം (1603—1868)

മീജി കാലഘട്ടം :—വിദേശികളുമായ ഇടപഴകൽ; ജാപ്പദ്വീപുകളും കടന്നുള്ള കടൽയാത്രകൾ; വ്യവസായത്തിന്റെ തുടക്കം; ടോക്യോ തലസ്ഥാനമാക്കി. 1882 ൽ ഒരു പുതിയ ഭരണഘടന നടപ്പിൽ വരുത്തി. വിദ്യാഭ്യാസം, ബാങ്കിങ്ങ് ഇവയിലെല്ലാം പരിഷ്കാരങ്ങൾ. അതേവരെയും വിദേശികൾക്കു നല്കിയിരുന്ന പ്രത്യേകാനുകൂല്യങ്ങൾ റദ്ദു ചെയ്തു.

## തെററിദ്ധാരണയുണ്ടാക്കുന്ന പ്രചരണം

ജനങ്ങളെ സാക്ഷരന്മാരും അഭ്യസ്തവിദ്യന്മാരുമാക്കിത്തീർക്കുന്നതിൽ ജപ്പാൻകാർ കിണഞ്ഞു പാടുപെട്ടിട്ടുണ്ട്. ഇന്നു നിരക്ഷരകുക്ഷികളുടെ തുക 5 ശതമാനം മാത്രമായിരിക്കുന്നു. എന്നാൽ വിദ്യാഭ്യാസം ജനകീയമായ അഭിപ്രായപ്രകടനത്തിന്നുവേണ്ടിയല്ല ചക്രവർത്തിയുടെ സ്വേഛാധിപത്യത്തേയും "ദൈവീകകൃത്യത്തേയും" ജപ്പാന്റെ അതിമാനുഷത്വത്തേയും പരത്തുന്നതിന്നുവേണ്ടിയാണ് ഉപയോഗിക്കപ്പെട്ടുവരുന്നത്. ആക്രമണേച്ഛയെ വളർത്തുന്നതിന്നുവേണ്ടി വിദഗ്ദ്ധമായ പ്രചരണം നടത്തിവരുന്നു. അതിലെ ചില പ്രധാന സംഗതികൾ :—

(1) ജപ്പാൻകാർക്കു വസിക്കുവാനിടം പോര. ജപ്പാനിൽ ഒരു ചതുരശ്ര നാഴിക വിസ്തീർണ്ണമുള്ള സ്ഥലത്തു താമസിക്കുന്നവരെ ഇന്ത്യയിലേതുമായി താരതമ്യപ്പെടുത്തിക്കാണാറുണ്ട്. ജപ്പാൻകാർ ഇതു വെറും തെററിദ്ധാരണ പരത്തുന്നതിന്നുള്ള സൂത്രമാണ്. ജാപ്പുകൾ അവരുടെ വടക്കൻ ദ്വീപുകളിൽ കുടിയേറിപ്പാർത്തുവരുന്നില്ല. മഞ്ചൂറിയയിൽ അവർ താമസമാക്കിയതു തന്നെ നിശ്ശിതമായ നിർബ്ബന്ധംമൂലമാണ്.

(2) പുറമേനിന്നുള്ള അസംസ്കൃത സാധനങ്ങൾ പുറമേനിന്നു കൊണ്ടുവരണം. ജാപ്പാനിൽ ഇറക്കുമതി ചെയ്യുന്നതിൽ 15 ശതമാനം



" ആറേറാമിക് ബോമ്പിട്ടിങ്ങേൾ, ഒക്കെയടക്കി ജപ്പാൻകാരെ ! "

ഭക്ഷണസാധനങ്ങളും, 15 ശതമാനം സാമാനങ്ങളും, 70 ശതമാനം അസംസ്കൃത സാഗ്രികളുമാണ്.

(3) വിദേശാക്രമണത്തിൽനിന്നുള്ള സുരക്ഷ.

ഒടുവിലത്തെ രണ്ടു വാദങ്ങളും മുമ്പെത്തേതു പോലെത്തന്നെ ആളുകളെ തെററിദ്ധരിപ്പിക്കുന്നതിന്നുള്ളതാണ്. ജപ്പാൻകാർ ആക്രമികളും, അന്യരാജ്യങ്ങളെ അധഃപതിപ്പിക്കുന്നവരും ആയിരുന്നില്ലെങ്കിൽ അസംസ്കൃസാമഗ്രികൾക്ക് അവർക്കു ലേശവും ബുദ്ധിമുട്ടുണ്ടായിരുന്നില്ല. ലോകത്തിലെ കമ്പോളം അവർക്കു കിട്ടിയിരുന്നു.

## കുപ്രസിദ്ധമായ "തനക സ്മാരകം"

കഴിഞ്ഞ 90 വർഷത്തോളമായുള്ള ജാപ്പാന്റെ ചരിത്രത്തിൽ വഞ്ചനയുടെയും ദുരാഗ്രഹത്തിന്റെയും നിഴൽപ്പാടുകൾ കാണാവുന്നതാണ്. ഇതിന്റെ ഒരു പ്രത്യക്ഷോദാഹരണമാണ് ജാപ്പ പ്രതിനിധികൾ വാഷിങ്ങ്ടണിൽ സന്ധി സംസാരിച്ചുകൊണ്ടിരിക്കെത്തന്നെ, ജാപ്പ സേനകൾ അമേരിക്കൻ താവളങ്ങളെ ആക്രമിച്ചതു്. അതിമാനുഷന്മാരാണെന്ന അഭിപ്രായക്കാർ പുഴുവനും തങ്ങളുടെ ലക്ഷ്യമടയുന്നതിന്നു ഏതു നിന്ദ്യവും നീചവുമായ ഉപാധിയും കൈക്കൊണ്ടു. അവരുടെ താല്പര്യങ്ങളെ സംരക്ഷിക്കുകയും മുന്നോട്ടു കൊണ്ടുപോകയും ചെയ്യുന്നവക്കം, എന്തും ചെയ്യാൻ മടിക്കാത്ത അങ്ങിനെ ഒരു വർഗ്ഗം കശ്മലന്മാരാണ് ജപ്പാൻകാർ. ഇക്കാര്യത്തിൽ ജപ്പാൻകാർ നാസികളോടു യാതൊന്നുംതന്നെ കടം വാങ്ങിയിട്ടില്ല. 1853 ൽത്തന്നെ മട്സൂക്ഷിത സോൻജുക 'ജപ്പാൻകാരുടെ മെയിൻകാഫ്' എഴുതിത്തീർത്തു. ജാപ്പ സാമ്രാജ്യത്തിന്റെ വിപുലീകരണത്തിന്നുവേണ്ട എല്ലാ പദ്ധതികളും പ്ലാനുകളും യോഷിദ തന്റെ പ്രസംഗങ്ങളിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 1927 ൽ ബാറൺ തനക, ജപ്പാന്റെ ലോകാധിപത്യപരിശ്രമങ്ങളെപ്പററി രഹസ്യമായ ഒരു ഗ്രന്ഥം എഴുതി. 'തനകസ്മാരകം' എന്ന പേരിൽ ഇതിനിടെ സുപ്രസിദ്ധമായിക്കഴിഞ്ഞ ആ ഗ്രന്ഥത്തിൽ ലോകാധിപത്യത്തിന്നുവേണ്ട മാർഗ്ഗങ്ങളെല്ലാംതന്നെ സവിസ്തരം പ്രസ്താവിച്ചുകഴിഞ്ഞിരിക്കുന്നു.

## ജപ്പാന്റെ ഭാവി

ജപ്പാന്നു കോളനികൾ കൈവശം വെക്കുന്നതിന്നു മേലിൽ അവകാശമുണ്ടാവുകയില്ല. മററു രാഷ്ട്രങ്ങൾ അവരുടെ കോളനികളിൽ എന്തെല്ലാം പാതകങ്ങളും വഞ്ചനകളും ചെയ്തിട്ടുണ്ടെങ്കിലും ശരി, അവർ ഇത്രമേൽ നീചവും നീതിരഹിതവുമായവിധം പെരുമാറിയിട്ടില്ലതന്നെ.

ജപ്പാനിലെ പുറംപൂച്ചായ പാർല്ലിമെണ്ടുഭരണവും, പുരോഗമനവും, ആ നിന്ദ്യവ്യവസ്ഥയെ പൊതിഞ്ഞുവെക്കുന്നതിന്നുള്ള സൂത്രവിദ്യകളാണ്. അവിടെ ജനകീയമായ ജീവിതരീതി ഭാവിയിൽ നടപ്പിൽ വരുത്താതിരിക്കാൻ നിവൃത്തിയില്ല. അല്ലാത്തപക്ഷം ആ രാജ്യത്തിന്റെ ഭാവി ഇരുളടഞ്ഞതായിരിക്കും. പരസ്പരസഹിഷ്ണുത, സമത്വം, സാഹോദര്യഭാവം ഇവയുൾക്കൊള്ളുന്ന ഒരു ലോകത്തിൽ ജാപ്പുകൾ ജീവിക്കണമെങ്കിൽ അതിന്നു കുറെ പരിശ്രമിക്കണം—ജർമ്മനിയിലെപ്പോലെത്തന്നെ ഒരു പുതിയ വിദ്യാഭ്യാസം അവർക്കു നൽകിയേ കഴിയൂ.

# അഭിലാഷസിദ്ധി

(കെ. എസ്. കെ. കഴിമ്പ്രം, സി.എ.എസ്.സി.)

വക്കീൽ രാവുണ്ണി മേനോൻ മണൽപ്പുറത്തെ ജനങ്ങളുടെ ഇടയിൽ നല്ല പേരും പ്രശസ്തിയും സമ്പാദിച്ച ഒരു മാന്യനാണ്. പൊതുജനങ്ങളോടുള്ള അദ്ദേഹത്തിന്റെ പെരുമാററം ഏററവും ഹൃദയംഗമമായിരുന്നു. ചുരുങ്ങിയ നിലയിൽ പ്രാക്ടീസാരംഭിച്ച മേനോൻ പത്തു പന്ത്രണ്ടു കൊല്ലംകൊണ്ട് മണൽപ്പുറത്തെ മററു ജന്മിമാരിൽനിന്നും ഒന്നാംസ്ഥാനം അർഹിച്ചു കഴിഞ്ഞിരുന്നു.

മിസ്റ്റർ മേനോന്റെ ഏകപുത്രിയാണ് പത്മാവതി. ഏകസന്താനമാണെന്ന കാരണംകൊണ്ടു അധികം ലാളിച്ചു മകളേ ചീത്തയാക്കാതിരിക്കുവാൻ മേനോൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അവളിപ്പോൾ സ്കൂൾ ഫയിനൽ പരീക്ഷ പാസ്സായിരിക്കുയാണ്.

മേനോന്റെ വളരെ അകന്ന ഒരു ചാർച്ചക്കാരനാണ് കൃഷ്ണൻ. മാതാപിതാക്കന്മാർ ചെറുപ്പത്തിൽ തന്നെ 'മസൂരി' ബാധിച്ചു കാലഗതി പ്രാപിച്ചതിനാൽ ഒരനാഥ ബാലനായിട്ടാണ് അവൻ വളർന്നുവന്നതു്. അച്ഛനമ്മമാരില്ലാത്ത ഒരേകബാലന്റെ കുടുംബത്തിലെ സ്ഥിതി ആർക്കും ഏറെക്കുറെ ഊഹ്യമാണല്ലൊ? വക്കീൽ രാവുണ്ണിമേനോൻ കൃഷ്ണനെ തന്റെ കൂടെ താമസിപ്പിച്ചു. സ്കൂളിൽ ചേർത്തു പഠിപ്പിച്ചു. പത്മാവതിയേക്കാൾ നാലഞ്ചു വയസ്സു പ്രായക്കൂടുതലുണ്ടെങ്കിലും, സ്കൂളിൽ ചേർക്കുവാൻ താമസമായതുകൊണ്ടു പത്മാവതിയും കൃഷ്ണനും തുടക്കം മുതൽക്കു തന്നെ സഹപാഠികളായിരുന്നു. രണ്ടുപേരും ഒരുമിച്ചു തന്നെ സ്കൂൾ ഫയിനലും പാസ്സായി.

കൃഷ്ണന്ന് കോളേജിൽ ചേർന്നു പഠിക്കുവാൻ കലശലായ ആഗ്രഹമുണ്ടായിരുന്നു. എങ്കിലും നാരായണി അമ്മ (മിസിസ്സ് രാവുണ്ണി മേനോൻ) അതിന്നനുകൂലയല്ലാക്കയാൽ കൃഷ്ണന്റെ ആഗ്രഹം സഫലമായില്ല. സ്കൂൾ വിട്ട ഉടനെ സ്ഥലത്തുള്ള 'ധർമ്മവിലാസം' സ്കൂളിൽ പന്ത്രണ്ടു രൂപ ശമ്പളത്തിന്മേൽ ഒരദ്ധ്യാപകനായിച്ചേർന്ന് പ്രവൃത്തി തുടങ്ങി.

പത്മാവതിയും കൃഷ്ണനും തമ്മിൽ സ്നേഹമായിരുന്നു. അവർ ഒരു ദിവസവും വേർപിരിഞ്ഞിരുന്നിട്ടില്ല. അവർ ചെറുപ്പത്തിൽ ഒന്നിച്ചു കളിച്ചും, ഒന്നിച്ചുണ്ടും, ഒരു കിടക്കയിൽ കിടന്നും എത്രയെത്ര ദിവസങ്ങൾ സസന്തോഷം കഴിച്ചിട്ടുണ്ട്. പ്രായത്തോടൊന്നിച്ചുള്ള ചില മാററങ്ങൾ വന്നുചേർന്നെങ്കിലും ആ നിഷ്കളങ്കമായ സ്നേഹം നിലനിന്നു വളർന്നുകൊണ്ടിരുന്നു.

എന്നാൽ കൃഷ്ണന്റെ ഹൃദയം ആശങ്കാവിഹീനമായിരുന്നില്ല. പത്മാവതി ഒരിക്കലും തന്റേതാകയില്ലെന്ന് അവൻ ഇടക്കിടെ സംശയിച്ചു. അവളുടെ സ്ഥിതിക്കു അത്രമാത്രം അന്തരമുണ്ട്. പഠിപ്പവസാനിച്ച മുതൽ കൃഷ്ണൻ അവളിൽനിന്നും ക്രമേണ അകലുവാൻ ശ്രമിച്ചുവന്നു.

## II

പത്മാവതിക്ക് പലേ വിവാഹാലോചനകളും വന്നുകൊണ്ടിരുന്നു. അവയൊന്നും ഓരോ കാരണവശാൽ വക്കീലിന്നും ഭാര്യക്കും സ്വീകാര്യമായില്ല. അങ്ങിനെയിരിക്കുമ്പോഴാണ് ഡാക്ടർ സേതുനാഥ്, എം.ബി.,ബി.എസ്. ന്റെ ആലോചനയെത്തിയതു്. വക്കീൽ രാവുണ്ണി മേനോന്ന് ഈ ബന്ധം വളരെ തൃപ്തികരമായി തോന്നി. നാരായണിഅമ്മ ഇതൊരു മഹാഭാഗ്യമായി ഗണിച്ചു. ആറായിരം ഉറുപ്പികയും പതിനാലു പവന്റെ സ്വർണ്ണപ്പണ്ടവും വരദക്ഷിണയായി കൊടുക്കുവാൻ തീർച്ചപ്പെടുത്തി; കാര്യമെല്ലാം ഒരു വിധം ഉറപ്പിച്ചതിന്നുശേഷമാണ് അവർ പത്മാവതിയെ വിവരമറിച്ചിച്ചതു്.

അവൾ വളരെ അധികമൊന്നും ആലോചിക്കാതെ തന്നെ ഇങ്ങിനെ പറഞ്ഞു: "അമ്മേ, എനിക്കീ വിവാഹത്തിന്നു സമ്മതമില്ല. ഞാൻ ഈ ജന്മത്തിൽ ആരെയെങ്കിലും വിവാഹം കഴിക്കുകയാണെങ്കിൽ, അതു കൃഷ്ണനെയല്ലാതെ മററാരേയുമാവില്ല . . . ."

എന്തു! ചേററുവായ് മണൽപ്പുറത്തെ ഏകലക്ഷപ്രഭുവായ വക്കീൽ രാവുണ്ണി മേനോന്റെ ഏകപുത്രി, കേവലം പന്ത്രണ്ടു ഉറുപ്പിക മാസ്സപ്പടിക്കാരനായ ഒരു സ്കൂൾമാസ്റ്ററെ കല്യാണം കഴിക്കുകയൊ? അതും ഒരു എം.ബി.,ബി.എസ്സ്. കാരനെ പുല്ലുപോലെ പുറം തള്ളിയിട്ട്! വക്കീലിന്നും ഭാര്യക്കും അതു് ഹിക്കുവാൻപോലും കഴിഞ്ഞില്ല. മകളുടെ അഭിപ്രായം തന്റേടമില്ലായ്മയെന്നാണ് അവർ വ്യാഖ്യാനിച്ചതു്. പത്മാവതിയുടെ അഭിപ്രായത്തിൽ മാററം വരുത്തുവാൻ അവർ പഠിച്ച പണി പതിനെട്ടും പയററിനോക്കി; ഫലമുണ്ടായില്ല. എന്നാൽ തന്റെ സ്ഥിതിക്ക് ചേരാത്ത ഒരാളെ മകളുടെ ഭർത്താവായി സ്വീകരിക്കുവാൻ താൻ ജീവിച്ചിരിക്കുന്ന കാലംവരെ സമ്മതിക്കില്ലെന്നു വക്കീൽ പ്രതിജ്ഞ ചെയ്തു.

പത്മാവതിയുടെ വിവാഹാലോചനയും തിരസ്കരണവും, വക്കീലിന്റെ ദൃഢനിശ്ചയവും കൃഷ്ണൻ അറിഞ്ഞു. പത്മാവതിയുടെ പ്രണയാധിക്യത്തെയും, പ്രതീക്ഷയെക്കുറിച്ചും അയാൾ അഭിമാനിച്ചു. തൽക്കാലം തന്റെ കർത്തവ്യമെന്തെന്നയാൾ അവധാനപൂർവ്വം ആലോചിച്ചു. തന്റെ ധനസ്ഥിതി എത്രയോ മോശം, വക്കീലാണെങ്കിൽ ലക്ഷപ്രഭു. സമുദായത്തിൽ ഒരു വിലയും നിലയുമുള്ള ആൾ, താൻ വെറും ഒരു ഗ്രാൻറ് സ്കൂൾ അദ്ധ്യാപകൻ! പക്ഷെ, പത്മയുടെ പ്രേമത്തിലും പ്രതീക്ഷയിലും അയാൾക്കു പരിപൂർണ്ണ വിശ്വാസമുണ്ടായിരുന്നു.

തന്റെ സാന്നിദ്ധ്യം കാര്യങ്ങളെ കൂടുതൽ വിഷമത്തിലേക്ക് വലിച്ചിഴക്കാമെന്നയാൾ കണ്ടു. അതുകൊണ്ട്, തന്നെ ഇത്രകാലം വളർത്തിയ വക്കീലിന്റെയും, ഓമനസന്താനമായ പത്മയുടെയും മനസ്സമാധാനത്തിന്നു താൻ നാടുവിട്ടു എവിടെയെങ്കിലും പോയി വല്ല പ്രവൃത്തിയുമെടുത്തു ജീവിതം കഴിക്കുകയാണ് ഉത്തമമെന്നു അയാൾ അവസാനമായി തീർച്ചപ്പെടുത്തി. തന്റെ വിയോഗം പത്മത്തിന്ന് അത്യധികമായ വ്യഥയുണ്ടാക്കുമെന്നയാൾക്കറിയാം. എന്നാലും കാലത്തിന്റെ മൂട്ടഹസ്തം വേദനയെ നശിപ്പിച്ചു കളയുമെന്നും, ക്രമേണ അവൾ അച്ഛനമ്മമാരുടെ ഇഷ്ടപ്രകാരം യോഗ്യനായ ഒരാളെ ഭർത്താവായി സ്വീകരിക്കുമെന്നും അയാളാശിച്ചു. ഒരു ദിവസം ആരോടുമൊന്നും പറയാതെ പത്തു പന്ത്രണ്ടു കൊല്ലത്തെ നിത്യസഹവാസിനിയും, തന്റെ പ്രേമഭാജനവുമായ പത്മയോടുപോലും ഒരക്ഷരം പറയാതെ കൃഷ്ണൻ സിലോണിലേക്കു പുറപ്പെട്ടു പോയി.

കൃഷ്ണന്റെ വേർപാടു പത്മാവതിയെ വ്യസനാബ്ധിയിലാഴ്ത്തി. എന്നാൽ അവളുടെ മാതാപിതാക്കൾ ആ അവസരത്തെ അനുകൂലമായി ഉപയോഗിക്കുവാൻ ശ്രമിച്ചു. അവരുടെ നിർബ്ബന്ധം കൂടിത്തുടങ്ങി. പക്ഷെ, പത്മയുടെ അടിയുറച്ച പ്രതീക്ഷയിൽനിന്നും, ദൃഢനിശ്ചയത്തിൽനിന്നും അല്പവും വ്യതിചലിച്ചില്ല.

## III

സിലോണിലെത്തിയ കൃഷ്ണൻ ഉദ്യോഗമന്വേഷിച്ചു പലേ സ്ഥലങ്ങളും ചുററി സഞ്ചരിച്ചു നിരാശനായി. തോൽവി സമ്മതിച്ചു നാട്ടിലേക്കു മടങ്ങുവാൻ ഭാവിക്കുകയായിരുന്നു. അപ്പോഴാണ് 'സിലോൺ സെൻട്രൽ റിക്രൂട്ടിങ്ങ് ഓഫീസിൽ' സിലോൺ ആർമി സേർവ്വീസ് കോറിലേക്കു ഓഫീസർമാരെ തിരഞ്ഞെടുക്കുന്ന വിവരം 'ടൈംസ് ഓഫ് സിലോൺ' പത്രത്തിൽ കാണാനിടയായതു്. ഉടനെ കൃഷ്ണൻ പോയി റിക്രൂട്ടിങ്ങിന്നു് ഹാജരായി. ദൈവസഹായത്താൽ കൃഷ്ണൻ ഒരു സെക്കൻ ലെഫ്ടനൻറായി തിരഞ്ഞെടുക്കപ്പെട്ടു.

നിസ്വാർത്ഥസേവനം, സ്നേഹജന്യമായ പെരുമാററം, കൃത്യനിഷ്ഠ, ഉത്തരവാദിത്വബോധം ഇവയുടെ ഒരു കലവറയായ കൃഷ്ണൻ, മേലധികാരിമാരുടെ പ്രശംസക്കും, പ്രത്യേക വാത്സല്യത്തിന്നും ചുരുങ്ങിയ കാലത്തിന്നുള്ളിൽതന്നെ പാത്രമായിതീർന്നു. നാലു കൊല്ലത്തിന്നുള്ളിൽ, 654 രൂപ ശമ്പളം പററുന്ന ഒരു കേപ്ററനായി പ്രമോഷൻ കിട്ടി.

എന്നാൽ പത്മയെക്കുറിച്ചുള്ള ചിന്ത സദാസമയവും അയാളെ അലട്ടിക്കൊണ്ടിരുന്നു. രാഗഭംഗത്താൽ നേരിട്ട ആ ഘോരദുഃഖം അയാളുടെ ഹൃദയത്തെക്കുറേശ്ശക്കുറേശ്ശയായി കരണ്ടുതിന്നുകൊണ്ടിരുന്നു. അയാളുടെ ഹൃദയം മുഴുവൻ അവളിൽ നിക്ഷിപ്തമാണ്. അവളുടെ വിവരമറിയുവാൻ അയാൾക്കു വലിയ ഉൽകണ്ഠയുണ്ടായി. മാതാപിതാക്കന്മാരുടെ നിർബ്ബന്ധത്തിന്നടിമപ്പെട്ടു അവൾ ഈ കാലത്തിന്നിടക്കു ഒരു സമയം വിവാഹിതയായിരിക്കാമെന്നും, തന്നിമിത്തം താൻ എഴുത്തുകളെഴുതിയൊ—നേരിട്ടു ചെന്നോ—അവരുടെ സമാധാനത്തിന്നു ഭംഗമുണ്ടാക്കാതിരിക്കുയാണു നല്ലതെന്നും അയാൾ ഉറച്ചു.

*                    *                    *

നാലഞ്ചു വർഷംകൊണ്ടു കുറെ പണം സമ്പാദിച്ചു മൂന്നുമാസത്തെ അവധിയെടുത്തു സ്വദേശത്തു മടങ്ങിയെത്തിയ കൃഷ്ണൻ വക്കീൽ രാവുണ്ണി മേനവന്റെ ഗൃഹത്തിലാണ് ചെന്നു കയറിയതു്. പത്തു പന്ത്രണ്ടു കൊല്ലത്തെ നിത്യജീവിതസ്ഥലമായ വക്കീലിന്റെ ഗൃഹത്തിലേക്കു കടന്നു ചെല്ലുന്നതിന്ന് കൃഷ്ണൻ ഒട്ടും സംശയിച്ചില്ല. മുറിയിൽ പ്രവേശിച്ചഉടനെ, ഒരരുകിൽ ചാരുകസേരയിൽ 'ജനശക്തി' പത്രം വായിച്ചുകൊണ്ടു കിടന്നിരുന്ന ഒരു വ്യക്തിയിൽ അയാളുടെ ദൃഷ്ടി പതിഞ്ഞു. പെട്ടെന്നയാൾ ഒരു ശിലാപ്രതിമപോലെ അവിടെ നിന്നുപോയി!

പിന്നിൽനിന്നൊരു ദീർഘനിശ്വാസം കേട്ടു. രാവുണ്ണി മേനോൻ കസേലയിൽ നിന്നെഴുന്നേൽക്കാൻ ഭാവിച്ചു. അടുത്ത നിമിഷത്തിൽ അയാൾ ബോധഹീനനായി തൽക്ഷണം നീട്ടിയ കൃഷ്ണന്റെ കൈകളിൽ പതിച്ചു. അയാൾ അദ്ദേഹത്തെ അടുത്തു കിടന്നിരുന്ന ഒരു സോഫയിൽ കിടത്തി, മുഖത്തു കുറെ വെള്ളം തളിച്ചു വീശിക്കൊണ്ടിരുന്നു. അല്പനേരത്തെ ശീതോപചാരത്തിന്റെ ഫലമായി രാവുണ്ണി മേനോന്ന് ബോധം വീണു. അയാൾ കണ്ണു മിഴിച്ചു. കൃഷ്ണന്റെ മുഖത്തേക്കുതന്നെ നോക്കിക്കൊണ്ടുകിടന്നു. അയാളുടെ ആ നീലായതലോചനാഗ്രങ്ങളിൽ കണ്ണീർ പൊടിഞ്ഞു.

"എന്റെ കൃഷ്ണൻ തന്നെയാണൊ ഇതു്? അതൊ സ്വപ്നമോ! ഈശ്വരാ. . . . . . . ." തളർന്നിടറിയസ്വരത്തിൽ രാവുണ്ണി മേനോൻ ചോദിച്ചു.

പക്ഷവാതം പിടിപെട്ടു കിടക്കുന്ന വക്കീൽ രാവുണ്ണി മേനോന്റെ സംഭാഷണം കേട്ടുകൊണ്ടു കഷായവുമായി മുറിയിലെത്തിയ പത്മാവതിയെ കൃഷ്ണൻ കണ്ടു. അയാളുടെ കണ്ണുകളിൽ ബാഷ്പം നിറഞ്ഞു. അയാൾ പതുക്കെ ചോദിച്ചു, "പത്മേ, മാപ്പു തരൂ! നീയിപ്പോഴും എന്റെ തന്നേയോ വേറെ, അവകാ. . . . . . ., ?" വാക്കുകൾ മുഴമിക്കാനായാൾക്കു കഴിഞ്ഞില്ല.

പത്മാവതിയുടെ ആ മനോഹരവദനങ്ങളിൽ ഒരു കോപച്ഛായ വ്യാപിച്ചു. "കേപ്ററൻ, ഞാനൊരു 'വാസവദത്ത'യാണെന്നാണോ നിങ്ങൾ ധരിച്ചതു്? എന്റെ ഹൃദയം ഒരേ ഒരാ. . . . . . . ."

വികാരങ്ങളെ അടക്കുവാൻ സമർത്ഥനാകാതെ കൃഷ്ണൻ, ക്ഷമയ്ക്കും സഹനശക്തിക്കും പേരെടുത്ത ആ യുവധർമ്മഭടൻ, കുഴഞ്ഞ അടുത്ത ഒരു ശുഭമുഹൂർത്തത്തിൽ പത്മാവതിയുടേയും, സിലോൺ ആർമി സേർവ്വീസ് ക്രൂപ്പിലെ കേപ്ററൻ കൃഷ്ണന്റേയും വിവാഹം, രാവുണ്ണി മേനോന്റെ മരണത്തിന്നാഭ്യംതന്നെ പരിപൂർണ്ണ സമ്മതത്തോടു കൂടി വക്കീലിന്റെ 'വിക്ററി' വസതിയിൽ വെച്ചു സാഘോഷം നടത്തപ്പെട്ടു. പത്മാവതിയുടെ ആ അടിയുറച്ച "പ്രതീക്ഷ" "ഭാരതസ്ത്രീകൾ തൻഭാവശുദ്ധി" അവളാശിച്ചിരുന്ന ആ ദാമ്പത്യമണിയറയിലേക്കെത്തിച്ചു.

ഇന്നു നാം കാണുന്ന പത്രലോകത്തിൽ, ഇരട്ടക്കോളത്തിൽ ഈ പദദ്വയം വേണ്ടക്കാളക്ഷരത്തിൽ പ്രത്യക്ഷപ്പെട്ടു കാണുന്നു: "പട്ടാളക്കാരെ വന്ദിക്കുക." ഇതിന്റെ അർത്ഥം നമ്മുടെ പന്ത്രണ്ടുറുപ്പിക ശമ്പളക്കാരനായിരുന്ന ആ അദ്ധ്യാപകൻ കൃഷ്ണന്ന് സിദ്ധിച്ച വിജയത്തിൽനിന്നും മനസ്സിലാക്കാവുന്നതാണ്.

# നമ്മുടെ പങ്ക് നാം നിർവ്വഹിച്ചു

## ഇന്ത്യയുടെ അതൃത്തികളിൽവെച്ച് ശത്രുവിൻെറ സ്വപ്നങ്ങൾ തകർന്നു തരിപ്പണമായി

ജപ്പാന്നും ജർമ്മനിക്കും പണ്ടേത്തന്നെ ഒരു പൊതുവുദ്ദേശ്യമുണ്ടായിരുന്നു. അതു മനസ്സിൽ വെച്ചുകൊണ്ടുതന്നെയാണ് അവർ യുദ്ധം പ്രഖ്യാപിച്ചതും. അതായതു്, ഇന്ത്യൻ മണ്ണിൽ വെച്ചു് രണ്ടു കൂട്ടരും തമ്മിൽ സമ്മേളിക്കണമെന്നതായിരുന്നു ആ ലക്ഷ്യം.

ഇന്ത്യയെ ആക്രമിച്ചു കീഴടക്കണമെന്നു ജപ്പാന്നു ഉദ്ദേശമുണ്ടായിരുന്നു. ഒന്നാമതു് ഐക്യരാഷ്ട്രങ്ങളിലെ ഒരംഗവും സഖ്യശക്തികളുടെ ഒരു താവളവുമായിവരുന്ന രാജ്യവുമായിരുന്നു ഇന്ത്യ. ഈ കാര്യം നിറവേററാതിരിക്കേണമെന്നു ജപ്പാന്നു ആഗ്രഹമുണ്ടു്. ജപ്പാനെ ബർമ്മയിൽനിന്നു തുരത്തുന്നതിൽ ഇന്ത്യക്കാർക്കു ഔത്സുക്യമുണ്ടായിരുന്നുവെന്നും ജപ്പാൻ മനസ്സിലാക്കി. ഇന്ത്യക്കാർക്കു് തങ്ങളുടെ അതൃത്തികൾക്കു തൊട്ടടുത്തുള്ള ശത്രുവിൻെറ ആധിപത്യം എപ്പോഴും തങ്ങൾക്കു് വിപത്തായിരിക്കുമെന്ന വിചാരം ഉണ്ടായിരുന്നു. ഇക്കാര്യങ്ങളെല്ലാം തികച്ചും മനസ്സിലാക്കുകയും ഉദ്ദേശ്യങ്ങളെല്ലാം മുൻകൂട്ടിത്തന്നെ തിട്ടപ്പെടുത്തി നിർണ്ണയിക്കുകയും ചെയ്തിരുന്നുവെങ്കിലും, ശത്രുവിൻെറ ഇന്ത്യാ ആക്രമണസംരംഭം പരിതാപകരമാംവിധം പരാജയപ്പെടുകയാണുണ്ടായതു്.

കുപ്രസിദ്ധവും 1927 ൽ രചിക്കപ്പെട്ടതുമായ "തനകസ്മാരക"ത്തിൽത്തന്നെ ഇന്ത്യയെ ആക്രമിക്കേണ്ടതിൻെറ ആവശ്യകതയെ എടുത്തുകാണിച്ചിട്ടുണ്ടു്. അതിൽ ഒരു ഭാഗത്തു ഇങ്ങനെ പറയുന്നു:—

"ഭാവിയിൽ, നമുക്കു ചൈനയെ നിയന്ത്രിക്കണമെങ്കിൽ, നാം പണ്ടു റഷ്യയെ തോല്പിച്ചമാതിരി ആദ്യമായി അമേരിക്കയെ തോല്പിക്കേണ്ടതുണ്ടു്. എന്നാൽ ചൈനയെ ആക്രമിക്കുന്നതിന്നുമുമ്പായിത്തന്നെ മഞ്ചൂറിയയേയും, മങ്കോളിയയേയും നാം കീഴടക്കണം. ലോകത്തിൽ മുഴുവൻ ആധിപത്യം സ്ഥാപിക്കുന്നതിന്നുള്ള ഒരു പൂർവ്വസ്ഥിതിയാണു് ചൈന ആക്രമണം. നാം ചൈനയെ ആക്രമിക്കുന്നപക്ഷം ഏഷ്യയിലുള്ള മററു രാജ്യങ്ങളും ദ്വീപുകളും നമുക്കു കീഴടക്കാം. ചൈനയിലെ വിഭവങ്ങൾ കരസ്ഥമായാൽ തെക്കുകിഴക്കൻ ഏഷ്യയിലെ ദ്വീപുകളും, ഇന്ത്യയും ഏഷ്യാമൈനറും, മദ്ധ്യേഷ്യയും യൂറോപ്പുംകൂടി ആക്രമിച്ചടക്കുന്നതിന്നു പ്രയാസമില്ല."

ജപ്പാൻ ആക്രമണം തുടങ്ങുന്നതിന്നുമുമ്പെത്തന്നെ ഇന്ത്യ ഒരു വമ്പിച്ച സപ്ലൈ താവളമായിത്തീർന്നിട്ടുണ്ടു്. പേൾ ഹാർബർ ആക്രമിച്ചതിന്നശേഷം കുറച്ചു നാൾക്കുള്ളിൽ അന്നു് ലണ്ടനിൽ ഇന്ത്യാ ഹൈക്കമീഷണറായിരുന്ന സർ അസീസുൽ ഹക്കു് ഇങ്ങിനെ പ്രസ്താവിക്കയുണ്ടായി: "മാസംതോറും ശരാശരി 50,000 ഇന്ത്യക്കാർ പട്ടാളത്തിൽ ചേർന്നുവരുന്നു. ഇന്ത്യൻ സേനക്കാവശ്യമുള്ള സാമഗ്രികൾ 80 ശതമാനവും ഇന്ത്യയിൽത്തന്നെ നിർമ്മിക്കപ്പെട്ടുവരുന്നു. ഇന്ത്യയിൽ തോക്കുകളും, വെടിമരുന്നുകളും, ടാങ്കുകളും ഉണ്ടാക്കിവരുന്നു. ഇന്ത്യയിൽ കപ്പൽനിർമ്മാണശാലകളിൽ ഏതുതരം കപ്പലുകളും കേടു തീർത്തു നന്നാക്കിവരുന്നുണ്ടു്."

1942 ജൂലായിലാണു് ഈ പ്രസ്താവന പുറപ്പെടുവിച്ചതു്. അതിന്നശേഷം ഇക്കഴിഞ്ഞ മൂന്നു വർഷങ്ങൾക്കുള്ളിൽ ഇന്ത്യയിലെ യുദ്ധോല്പാദനം വളരെയധികം വർദ്ധിച്ചിട്ടുണ്ടു്. ഇവിടെ ചില കണക്കുകൾ കുറിക്കുന്നതു് വിജ്ഞാനപ്രദമായിരിക്കും.

ഇന്ത്യയിലെ യുദ്ധോല്പാദനത്തിന്നു വേണ്ടി കപ്പൽശാലകൾ, ഫാക്ടറികൾ, മൈനുകൾ, ട്രാൻസ്പോർട്ട് സർവിസ് എന്നിവകളിലായി 5,000,000 തൊഴിലാളികൾ പണിയെടുത്തിരുന്നു.



അഡ്മിറൽ നിമിററ്സ്. പാസഫിക് രംഗത്തിലെ നാവിക സേനാധിപൻ. ഇദ്ദേഹത്തിൻെറ നേതൃത്വത്തിലാണ് ജാപ്പ സേനയുടെ നട്ടെല്ലു ചവിട്ടിപ്പൊട്ടിക്കുന്നതിന്ന് അമേരിക്കക്ക് സാധിച്ചതു്.

ആധുനികരീതിയിലുള്ള ഒരു സേനക്കാവശ്യമായ സാമഗ്രികളിൽ 90 ശതമാനവും ഇന്ത്യൻ തൊഴിൽശാലകളിൽത്തന്നെ ഉണ്ടാക്കിവരുന്നു.

ഇന്ത്യയിൽ എല്ലാവിധ സജ്ജീകരണങ്ങളോടുകൂടി ധാരാളം വിമാനസങ്കേതങ്ങൾ ഉണ്ടായിരുന്നു.

ഇന്ത്യയിൽനിന്നു ചൈനയിലേക്കു ആകാശമാർഗ്ഗമായി സാമാനങ്ങൾ കൊണ്ടുപോകുന്നതിന്നും കൽക്കത്തയിൽനിന്നു ബർമ്മയിലേക്കു പൈപ്പ് ലൈൻ ഇടുന്നതിന്നും ഇന്ത്യ അമൂല്യമാംവിധം സഹായിച്ചിട്ടുണ്ടു്.

ഇന്ത്യയിലെ സ്ത്രീകൾ സൈനികമായ പല സ്ഥാപനങ്ങളിലും ചേർന്നു ചെയ്തു സേവനങ്ങളും ഇവിടെ എടുത്തുപറയേണ്ടിയിരിക്കുന്നു. യുദ്ധഫണ്ടുകളിലേക്കു് സംഭാവന നൽകിയും മററും ഇന്ത്യയിലെ പൌരന്മാരും ആവുംവിധം യുദ്ധത്തിന്നു സഹായിച്ചുപോന്നു.

മൌണ്ട്ബാററൻ പ്രഭുവിൻെറ നേതൃത്വത്തിൽ തെക്കുകിഴക്കൻ ഏഷ്യാ കമാണ്ടു് ഏർപ്പെടുത്തിയതുതന്നെ ജപ്പാൻെറ നേർക്കുള്ള സഖ്യശക്തികളുടെ ആക്രമണസംരംഭത്തിൻെറ ഒരു പ്രധാനമായ ലക്ഷണമാണു്. 1942 ലും 1943 ലുമിടയിൽ ആറക്കാനിലും, ലെഡൊഹുക്വാങ്ങ് പ്രദേശത്തും സഖ്യസേനയിലെ ഭടന്മാർ പ്രവേശിച്ചിട്ടുണ്ടു്. 1944 ഫിബ്രുവരി ശത്രു ആറക്കാനിൽ ഒരാക്രമണം ആരംഭിക്കുകയും 5-ാം ഇന്ത്യൻ സേനാവിഭാഗത്തെ വളയാൻ ശ്രമിക്കുകയും ചെയ്തു. മൂന്നു ആഴ്ചകളോളം നിലനിന്ന കടുത്ത സമരത്തിന്നശേഷം കനത്ത നഷ്ടത്തോടെ ശത്രു തിരിച്ചോടുന്നതിന്നു നിർബ്ബന്ധിതനായി. 1944 മാർച്ചിലും ഏപ്രിലിലും ജാപ്പുകൾ വീണ്ടും ഊർജ്ജസ്വലമായി പ്രവർത്തിക്കുന്നതിന്നാരംഭിച്ചു. അന്നു അവരുടെ പത്തു സേനാവിഭാഗങ്ങൾ കോഹിമാ-ഇംഫാൽ-ടീഡിം റോഡുവരെ വന്നു. എന്നാൽ ഈ തള്ളിച്ചയെ താമസമെന്യേ സഖ്യസേനകൾ തടഞ്ഞു. 60,000 പേർ ജാപ്പുകൾക്കു നഷ്ടപ്പെട്ടു. "ഡൽഹിയിലേക്കു യാത്ര തുടർന്ന സൂര്യവംശജന്മാർ" അത്രതന്നെ ഉശിരോടെ പിന്നോട്ടും മടങ്ങിയ ചരിത്രം നമുക്കെല്ലാം സുപരിചിതമാണു്.

കഥയുടെ ബാക്കിയുള്ള ഭാഗങ്ങൾ എല്ലാവർക്കും വ്യക്തമായറിയാം. ബർമ്മ തിരിച്ചുപിടിച്ചു, ബർമ്മയിലെ നഗരങ്ങളും ശത്രുതാവളങ്ങളും ഒന്നൊന്നായി 14-ാം പട കൈയ്യേററി. കരവഴിക്കും, കടൽവഴിക്കും, ആകാശമാർഗ്ഗമായും പൊരുതിയ സഖ്യസേനകൾ ബർമ്മയിൽ കാണിച്ച സഹനതയും ധൈര്യവും പ്രശംസാവഹമാണു്.

എല്ലാ മുന്നണികളിലും ഇന്ത്യ വീരോചിതം പോരാടീട്ടുണ്ടു്. മാത്രമല്ല, ഭാവി സമാധാനത്തിന്നുവേണ്ട സജ്ജീകരണങ്ങളും തയ്യാറാക്കിയിട്ടുണ്ടു്. ഇന്ത്യയിലെ ഓരോ സംസ്ഥാനത്തിലും യുദ്ധാനന്തരകൃത്യങ്ങളെയും പുനർനിർമ്മാണത്തേയും സംബന്ധിച്ച പ്രവർത്തനങ്ങൾ സമാരംഭിച്ചുകഴിഞ്ഞു. മടങ്ങിവരുന്ന ആ വീരന്മാരെ സ്വാഗതം ചെയ്യുന്നതിന്നും ഇന്ത്യ തയ്യാറായിരിക്കുന്നു. ഇന്ത്യക്കു മാത്രമല്ല, ഏതൊരു രാജ്യത്തിന്നും അഭിമാനിക്കാവുന്ന പടയാളികളും പൌരന്മാരുമാണു് അവർ.

# അവരുടെ തിരുവോണം

(എം. ജി. ഹാരിസ്)

(കേക)

പഞ്ഞക്കർക്കിടകത്തിൻ
ഞരങ്ങലടങ്ങിപ്പോയ്,
പൊൻചിങ്ങമാസം
ചെന്നു പുണർന്നൂനവാബ്ദത്തെ;

'പറന്നുപോയീ പഞ്ഞം
കർക്കടമാസത്തിന്റെ-
മരണശ്വാസമൊന്നി'
ച്ചാ, ശ്വസിച്ചോതി നാട്ടാർ.

ഓണമാം മഹോത്സവാൽ
ഘോഷണം ചെയ്തുംകൊണ്ടാ-
ണോമനപ്പുലരി പൂ-
ഞ്ചോലയിലണയവേ,
കപ്പയിൽ കരുത്തൊരു
മുക്കുററിച്ചെടിയ്ക്കാപൊൻ-
തൊപ്പി ചാർത്തിച്ചു മഞ്ഞ
പ്പൂവിനാൽ പ്രകൃത്യാംബ.
മലനാട്ടിലെ പൊട്ട
പ്പുല്ലുകൾപോലും മോദാൽ-
പ്പുളകം പുളച്ചുപോയ്
പൊന്നോണ വെയിലേല്ക്കെ!
ഉണ്ടൊരു ചെററക്കുടി
ലന്നപ്പാടം തന്നിൽ
വിണ്ടലത്തിങ്കലെഴും
കാർമുകിൽക്കീറെന്നോണം.

അക്കുടിൽക്കുള്ളിൽപ്പാക്കും
മർത്ത്യരെപ്പോലെ നിൽപ്പൂ-
മുററത്തെപ്പുൽകൾ മുററും
മുഴച്ചാമുളംക്കൂട്ടം.

നാവു നീട്ടുന്നു മഴ
ച്ചാറലും പ്രതീക്ഷിച്ചു-
നാലഞ്ചു തൈവാഴകൾ
ദാഹശാന്ത്യർത്ഥം പാവം.

ഒരു കാററാഞ്ഞടിച്ചാൽ
തെങ്ങോലച്ചിറകുകൾ
വിടത്തും പറന്നീടാൻ
പക്ഷിപോലാ മൺകുടിൽ.

കുത്സിത കുബേരന്റെ
ത്തേട്ടൽപോലോണവില്ലിൽ-
ശബ്ദമക്കുടിലിലും
മാറെറാലിച്ചലയ്ക്കവേ.

നാലഞ്ചു മൺചട്ടികൾ
മുന്നിൽ വെച്ചിട്ടാവീട്ടിൽ-
നായികയാകും നാണി
കേഴുന്നു ദുഃഖഭാരാൽ.

പൈദാഹപാരവശ്യാൽ
പിഞ്ചു പൈതങ്ങളെല്ലാം-
രോദനം ചെയ്തീടുന്നു
തേങ്ങലിൻ താളത്തോടെ.

ചുററിലും കുമാരന്മാർ
പൂവറുത്തഴകോടെ-
മുററത്തു വിധാനിക്കു
ന്നെന്തിവർ കണ്ണീരെന്നോ!

വല്ലൊലിയില്ല; വൃഥാ
ബാധിതാ ബാലന്മാർ തൻ
തേങ്ങലെന്നിയേ; ഇല്ല
പൂവിളി കേഴലെന്യേ.

തീപ്പുകയില്ലാവീട്ടിൽ;
നാണിതൻ ഹൃത്തിൽക്കത്തും
ദുഃഖാഗ്നിധൂമോപമ
മുയരും വീർപ്പെന്നിയേ.

ഇല്ലില്ലയച്ചാളയിൽ
'മാവേലി'ദേവൻ, പണ്ടേ-
യുള്ളൊരു പഞ്ഞപ്പിശാ
ചിപ്പൊഴും കൂത്താടുന്നു.

അല്ലെങ്കിലയിത്തമായ്
പ്പോയാലോ, ഇല്ലങ്ങളി-
ലുല്ലസിക്കേണ്ട മോണ
മിവരെസ്സമീപിയ്ക്കിൽ!

അടുപ്പിന്നന്തികത്തിൽ
നിഴലെന്നോണം ചൂളി-
യിരിക്കും മൂത്തകുട്ടി
യമ്മയോടുരച്ചേവം,
"നാഴി വല്ലതു മിരന്നി
ട്ടുകിൽ ലഭിച്ചേക്കാം,
നാറിയോരിഴമുണ്ടും
കൂടിയില്ലല്ലോ പോകാൻ"

"ഒലിഴയൊന്നുമില്ലി
ച്ചാളയിൽ തിരുവോണ-
നാളിൽ നീയിരന്നാലു
മാരുമേ തരില്ലൊന്നും.
അറിയാതിത്ഥം ശാഠ്യം
പിടിച്ചു പറഞ്ഞാലോ
അരുമക്കുഞ്ഞേ, അമ്മ
പെട്ടിടും പാടോർക്കാതെ!"

ഇടറീ തൊണ്ട തള്ള
യ്ക്കപ്പോഴേയ്ക്കു, തൻ മക്കൾ
കൊടിയ വിശപ്പിനാൽ
പ്പിടയുന്നതു കാൺകെ!

കഴിഞ്ഞാണ്ടിലെയോണാ
ഘോഷത്തെയോർത്തീടവേ
മിഴിനീരുറന്നുപോ
യവർതൻ നേത്രങ്ങളിൽ.

അന്നവർക്കെല്ലാമന്നം
മൃഷ്ടമായൂട്ടീടുവാ-
നണ്ടച്ഛൻ പുത്രപ്രേമ
നിലയൻ നിഷ്കളങ്കൻ.

അവർതൻ വയർ നിറ
ച്ചൊന്നമ്മവെച്ചല്ലാതെ-
യൊരുനാൾ വെള്ളംകൂടി
കുടിച്ചിട്ടില്ലത്താതൻ!

പാവമേ മരിച്ചുപോയ
ദ്ദേഹം കാലത്തിന്റെ-
കൈവാളിൻ നിപാതത്താൽ
നാലഞ്ചു മാസംമുമ്പേ.

ജന്മിതൻ തിരുമുമ്പിൽ
ക്കാഴ്ചവെച്ചീടാൻ വേണ്ട-
സമ്മാനപ്പൊതുൾ ചുമ
ന്നോടുന്നു കർഷകന്മാർ.

ആ വഴിനരമ്പീലു
ടിങ്ങനെയനുസ്യൂതം
ഹാ, വിഭവങ്ങളോ
രോന്നൊഴുകുന്നതു കാൺകെ,
മുളച്ചു കൊതിയിളം
പൈതലിൻ ഹൃത്തിൽ, ഓതാൻ
വശമില്ലാ ദൈന്യമൂല
മമ്മയെയറിയിച്ചാൻ.

മിണ്ടിയില്ലവളൊന്നും;
സാമ്പത്തികാസമത്വ-
ത്തതങ്ങളേശീടുമോ
പൈതലിൻ ഹൃദയത്തിൽ?

ആശയാൽ കുഞ്ഞിൻ
വായിലൂമിനീരൂറി; തായ-
യ്ക്കാകുലാധിക്യം മൂലം
മിഴിനീർ ബിന്ദുക്കളും.

കൊച്ചുകുഞ്ഞിന്റെ ദീന
യാചന സാധിപ്പിയ്ക്കാൻ-
പെററ മതാവിന്നോണ
മായിട്ടുമാവാഞ്ഞാലോ?

പണക്കാർക്കാഘോഷിയ്ക്കാ
മോണവും വിഷുവുമി-
പ്പണിചെയ്യുന്നോർക്കെന്നും
പട്ടിണിയാണാശ്രയം.

പാവങ്ങൾക്കെഴുമാശ,
യാവശ്യമിവയെല്ലാം
മാവിയായ്, നെടുവീർപ്പായ്
ലയിപ്പൂ നഭസ്ഥലേ!

ഈ നില നിലനിൽക്കാ-
നിടയില്ലെന്നും; വന്നു
തുന്നിലാവൊളി തൂകി
വിജയമഹാമഹം!

അവശന്മാർക്ക് വേണ്ടോ-
രവകാശങ്ങളെല്ലാം.
മവനീതലം തന്നിൽ
സ്ഥാപിപ്പാൻ പുലത്തുവാൻ!

ആശംസിച്ചാലും നിങ്ങ
ളാത്തരാം മർത്ത്യന്മാരേ,
ശാശ്വത ശാന്തിതിങ്ങും
ഭാവിലോകത്തിലെങ്ങും,

എന്നുമേ കൊണ്ടാടീടാം
പൊന്നോണം, സമാധാനം-
വന്നെഴുന്നെള്ളിയല്ലോ,
നമുക്കെന്തിനി ദുഃഖം?
പൂതമാം പുതുലോക-
രീതിതൻ പൂൺമയേൽക്കെ,
പൂരിതമാകും പുഷ്ട്യ
ഭൂതികൾ ഭൂവെങ്ങുമേ!

## താരാട്ട്

(കെ. ജോർജ്ജ്)

ഓമനെ നീയാശ്വസിക്കൂ-സ്നേഹ
ധാമമേ നീ വിശ്വസിക്കൂ

നിന്നുടെ മേനി മുറിഞ്ഞോ-അതിൽ
ഖിന്നത കൈക്കൊണ്ടുപോയോ?

കണ്ണീരിലാലോല വാക്കും-നിന്റെ
കണ്ണു തുറന്നെന്നെ നോക്കൂ.

ശാസ്ത്രത്താലാവിർഭവിച്ച-പുതു
ശസ്ത്രങ്ങൾ കണ്ടു ഭയന്നോ?

ഇന്നതിൻ മാരണശക്തി-നിന്റെ
അന്തർനാളത്തെ തുളച്ചോ?

രാപ്പകലെന്നിയെ നിന്റെ-സർവ്വം
അർപ്പിച്ചു മാതാവിന്നായി.

വീരോട്ടുകൂടി നീ ചെയ്തു-കൊടും
പോരിനാൽ വാടിത്തളന്നോ?

കൺമണി നീയൊന്നു നോക്കു-നിന്റെ
അമ്മ ഞാൻ നിന്നെത്തലോടാം.

അമ്മക്കുവേണ്ടി നീ ചെയ്തു-പുണ്യ
കർമ്മത്താൽ നീയാശ്വസിക്കൂ

പാരതന്ത്ര്യത്തെ അകററാൻ-പാരിൽ
വീരത വീണ്ടും പുലർത്താൻ

നിന്മാത്മ ചോദനത്തോടു-നീയും
തോക്കുമേന്തി പുറപ്പെട്ടു.

അമ്മയ്ക്കു ചെയ്യേണ്ട സേവ-ചെയ്തു
കൺമണി, നീതന്നെ വീരൻ

നിന്നെ ഞാനെന്നും തലോടാം-എന്റെ
കൺമണി നീയാശ്വസിക്കൂ.

ഓമനേ നീയാശ്വസിക്കു-പ്രേമ
ധാമമേ, നീ വിശ്വസിക്കൂ

# അധഃപതിക്കുന്നതിന്നുവേണ്ടി ഉയന്ന ജാപ്പുദുഷ്പ്രഭുത്വം

118736
27249
V1:4:N39m2103
H5

[1885-ാം വർഷം മുതൽ ജപ്പാൻ അന്യരാജ്യങ്ങൾ ആക്രമിച്ചു കീഴടക്കുന്നതിന്നും സാമ്രാജ്യത്തെ വിപുലീകരിക്കുന്നതിന്നും ആരംഭിച്ചു. എന്നാൽ 'ഉദയസൂര്യൻ' 1945 ആഗസ്റ്റ് 12-ാംനു നിരുപാധികമായ കീഴടങ്ങലാകുന്ന കയത്തിലാണ്ടു. നിപ്പണിലെ സ്വേച്ഛാപ്രഭുത്വം നാശത്തിന്റെ പാതയിലൂടെ ചരിച്ച് അതിന്റെ അവസാന ലക്ഷ്യത്തിലേക്ക്—അധഃപതനത്തിലേക്ക്—അടർന്നു വീണു. താഴെ ഞങ്ങൾ ആ ചരിത്രത്തിന്റെ ചില നേരിയ രേഖകൾ മാത്രമാണ് കുറിക്കുന്നത്.]

**1885**

ഏപ്രിൽ 18.—കൊറിയയ്ക്കുവേണ്ടി ചൈനയോടുള്ള സമരം വേണ്ടെന്നു വെച്ചു.

**1894**

ആഗസ്റ്റ് 16.—ജപ്പാൻ ചൈനയോടു യുദ്ധം പ്രഖ്യാപിച്ചു.

**1895**

ഏപ്രിൽ 17.—ഷിമോണോസെകി ഉടമ്പടി പ്രകാരം കൊറിയ, പസ്കഡോറസ്, ലിയാചിങ് പെനിൻസുല ഇവ ജപ്പാന്നു നൽകുന്നതിന്നു ചൈന നിർബ്ബന്ധിതയായി.

**1904**

ഫെബ്രുവരി 8.—പോർട്ട് ആർതറിൽ വെച്ച് ജപ്പാൻ റഷ്യൻ കടൽപ്പടയെ എതിർക്കുന്നു.

ഫെബ്രുവരി 10.—ജപ്പാൻ റഷ്യയുടെ നേക്കു യുദ്ധം പ്രഖ്യാപിക്കുന്നു.

**1905**

സപ്തെമ്പർ 5.—റഷ്യയുടെ പരാജയം. പോർട്ട്സ്മൌത്തിൽ വെച്ചു ജപ്പാനും റഷ്യയും തമ്മിൽ ഉടമ്പടി.

**1910**

ആഗസ്റ്റ് 29.—ജപ്പാൻ കൊറിയയെ ക്രൂട്ടിച്ചേർത്തു.

**1915**

ജനുവരി 18.—ചൈനയ്ക്കു ജപ്പാൻ തന്റെ 21 ആവശ്യങ്ങൾ നൽകുന്നു.

മേയി 25.—ചൈന അവയ്ക്കു കീഴ്പെടുന്നു.

**1931**

സപ്തെമ്പർ 6.—മുക്ഡൻ സംഭവം.

ഡിസെമ്പർ 10.—അന്വേഷിക്കുന്നതിനു ലീഗ് കമ്മിററി.

**1932**

ജനുവരി 29.—ചൈന ലീഗിനോടു അപ്പീൽ ബോധിപ്പിക്കുന്നു.

ഫെബ്രുവരി 18.—മഞ്ചൂറിയയുടെ സ്വാതന്ത്ര്യം വിളംബരം ചെയ്തു.

മാർച്ച് 9.—'മഞ്ചുകോ' രാഷ്ട്രം ഉൽഘാടനം ചെയ്തു.

ഏപ്രിൽ 20.—ലിട്ടൻ കമീഷൻ മഞ്ചൂറിയ സന്ദർശിക്കുന്നു.

മേയി 5.—ഷാങ്ഹായിൽ വെച്ച് സിനോ-ജാപ്പ് ഉടമ്പടി.

ജൂലായി 15.—ലിട്ടൻ കമീഷൻ ജപ്പാൻ സന്ദർശിച്ചു.

ആഗസ്റ്റ് 25.—ജപ്പാനാൽ മഞ്ചുകോ അംഗീകരിക്കപ്പെട്ടു.

സപ്തെമ്പർ 4.—പെപ്പിങ്ങിൽ വെച്ചു ലിട്ടൺ റിപ്പോർട്ട് ഒപ്പിട്ടു.

സപ്തെമ്പർ 15.—മഞ്ചുകോവും ജപ്പാനും ഉടമ്പടി ചെയ്യുന്നു.

നവെമ്പർ 21.—ലീഗ് കൌൺസിൽ ലിട്ടൺ റിപ്പോർട്ടിനെപ്പററി ആലോചിക്കുന്നു.

**1933**

ഫെബ്രുവരി 22.—ജഹോൾ സംസ്ഥാനത്തിൽനിന്നു ഒഴിച്ചുപോകുന്നതിന്നു ജപ്പാൻ ചൈനയോടു ആവശ്യപ്പെടുന്നു.

ഫെബ്രുവരി 24.—ലിട്ടൺ റിപ്പോർട്ട് ലീഗ് സ്വീകരിച്ചു; ജപ്പാൻ ലീഗിൽനിന്നു പിന്മാറി.

മാർച്ച് 8.—ജാപ്പു സേനകൾ ജോഹോൾ പിടിച്ചടക്കുന്നു.

**1934**

ജനുവരി 22.—കിഴക്കൻ ഏഷ്യയിലെ സമാധാന പരിപാലനം ജപ്പാന്റെ മാത്രം ഉത്തരവാദിത്വമാണെന്നു വിദേശകാര്യമന്ത്രി ഹിരോട പ്രസ്താവിക്കുന്നു.

ഡിസെമ്പർ 31.—ജപ്പാൻ വാഷിങ്ടൻ ഉടമ്പടികളെ തള്ളിക്കളഞ്ഞു.

**1935**

ഒക്ടോമ്പർ 29.—വടക്കൻ ചൈനയിൽ ജപ്പാൻ പുതിയ അവകാശങ്ങൾ ആവശ്യപ്പെടുന്നു.

**1936**

ജനുവരി 16.—ലണ്ടൻ നാവൽ സമ്മേളനത്തിൽനിന്നു ജാപ്പു പ്രതിനിധി പിൻവാങ്ങി.

മേയി 19.—ഹിററ്ലർക്ക് ജാപ്പു ഖഡ്ഗം പാരിതോഷികമായി നല്കി.

നവെമ്പർ 25.—കോമിൻറേറണിന്നെതിരായി ജർമ്മനിയും ജപ്പാനും ഉടമ്പടി.

**1937**

ജൂലായി 7.—ലോകോച്ചിയേ സംഭവം.

ജൂലായി 19.—ചൈനക്ക് ജപ്പാന്റെ അന്ത്യശാസനം.

ജൂലായി 27.—ജപ്പാൻ പീപ്പിങ്ങ് ആക്രമിക്കുന്നു.

ജൂലായി 29.—ടീൻസ്റ്റീനിൽ സമരം.

ആഗസ്റ്റ് 28.—ചൈനയെ തോല്പിക്കുന്നതിന്നുള്ള ജാപ്പു നിശ്ചയത്തെപ്പററി പ്രധാനമന്ത്രി കൊണോയ്.

സപ്തെമ്പർ 15.—ചൈന ലീഗിനോടു അപ്പീൽ ബോധിപ്പിക്കുന്നു.

ഒക്ടോബർ 29.—പാവ 'മങ്കോൾ രാഷ്ട്രം' സ്ഥാപിച്ചു.

നവെമ്പർ 6.—ജപ്പാൻ ജർമ്മനിയും ഇററലിയുമായി കോമിൻറേറൺ വിരോധസന്ധി ഒപ്പിട്ടു.

ഡിസെമ്പർ 13.—ചൈനക്കാർ നാങ്കിങ്ങിൽനിന്നു ഒഴിച്ചുപോയി.

ഡിസെമ്പർ 14.—"ചൈന റിപ്പബ്ലിക്കിന്റെ താല്ക്കാലിക ഗവർമ്മേണ്ട് സ്ഥാപിച്ചു."

**1938**

ജനുവരി 18.—ചൈനയിലെ ജാപ്പ് അമ്പാസിഡരെ മടക്കിവിളിച്ചു.

മാർച്ച് 14.—പുതിയ ജാപ്പാക്രമണം.

ഒക്ടോബർ 21.—ജാപ്പുകൾ കാൻടണിൽ പ്രവേശിച്ചു.

ഡിസെമ്പർ 22.—ചൈനക്കു ജപ്പാന്റെ സന്ധി നിർദ്ദേശങ്ങൾ.

ഡിസെമ്പർ 26.—ചൈന സന്ധി നിർദ്ദേശങ്ങൾ നിരാകരിച്ചു.

**1939**

മേയി 3.—ചുങ്കിങ്ങിൽ ശത്രു ബോമ്പിടുന്നു.

**1940**

സപ്തെമ്പർ 27.—ജപ്പാൻ, ബർല്ലിൻ, റോം, ടോക്കിയോ സൈനിക സഖ്യത്തിൽ ഒപ്പിടുന്നു.

നവെമ്പർ 30.—വാങ്ങ് ചിങ്ങ് വീയുടെ പാവഭരണം സ്ഥാപിച്ചു.

**1941**

ഏപ്രിൽ 21.—ജാപ്പുകൾ ഫൂച്ചോവിൽ പ്രവേശിക്കുന്നു.

ജൂലായി 8.—ജാപ്പുകൾ ചുങ്കിങ്ങിലെ ബ്രിട്ടീഷ് എമ്പസിയിന്മേൽ ബോമ്പിടുന്നു.

ജൂലായി 25.—ജാപ്പുകൾ ഇൻഡോ-ചൈനയിലെ താവളങ്ങളിൽ പ്രവേശിക്കുന്നു.

ജൂലായി 29.—ജപ്പാൻ ഇൻഡോ-ചൈന കീഴടക്കുന്നു.

നവെമ്പർ 30.—അമേരിക്കയേയും ബ്രിട്ടനേയും കിഴക്കൻ ഏഷ്യയിൽനിന്നു ആട്ടിപ്പായിക്കണമെന്നു ടോജോ പ്രസ്താവിക്കുന്നു.

ഡിസെമ്പർ 7.—പേൾ ഹാർബർ ആക്രമിച്ചു.

ഫെബ്രുവരി 15.—സിങ്കപ്പൂർ വീഴുന്നു.

മാർച്ച് 9.—റംഗൂൺ വീഴുന്നു. ജനറൽ അലക്സാന്തരുടെ നേതൃത്വത്തിലുള്ള ബ്രി. സേന ഇന്ത്യയിലേക്കു പിൻവാങ്ങുന്നു.

മേയി.—ന്യൂഗിനിയയിലേക്കും, ആസ്ത്രേലിയയിലേക്കും പുറപ്പെട്ട ജാപ്പു നാവികസേനയെ അമേരിക്കൻ കടൽപ്പട തോല്പിച്ചു.

ആഗസ്റ്റ്.—സോളമൺ ദ്വീപുകളിൽ അമേരിക്കൻ പട ഇറങ്ങുന്നു.

ഒക്ടോബർ.—അല്യൂട്ടിൻ ദ്വീപുകളെ അമേരിക്കൻ പട തിരിച്ചുപിടിക്കുന്നു.

**1944**

ജൂൺ-ജൂലായി.—ജനറൽ മക് ആർതർ ഫിലിപ്പൈൻ ആക്രമിക്കുന്നു.

**1945**

മേയി 3.—ബ്രിട്ടീഷുസേന റംഗൂൺ പിടിച്ചെടുക്കുന്നു.

ആഗസ്റ്റ് 6.—ആദ്യത്തെ ആടം ബോമ്പ് ഹിറോഷിമയിൽ ഇട്ടു.

ആഗസ്റ്റ് 8.—സോവിയററ് റഷ്യ ജപ്പാനോടു സമരം പ്രഖ്യാപിക്കുന്നു.

ആഗസ്റ്റ് 12.—ജപ്പാൻ നിരുപാധികമായി കീഴടങ്ങുന്നു.



ആകാശത്തിൽ പ്പറന്നു വിജയം നേടിയ വീരന്മാരിലൊരാൾ.

PRINTED BY ... GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF PUBLICITY, ...TORY HOUSE", MOUNT ROAD, MADRAS.

UNIVERSITY LIBRARY 10 FEB 1946 MADRAS
MUL 118736